# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.8/1762/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.8/1762/2022 തീയ്യതി: 07/12/2022

## എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
2. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. പ്രവീൺ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ മാത്യൂസ് വർക്കി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിത കെ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ കൃഷ്ണൻ സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മി എം ബി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ലീനാ പോൾ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീർശിനി ഷിബു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ അനുപമ ശങ്കർ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ പ്രിജുഷ് സോമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 17-06-2021 |
| ഡോ ജോസഫ് തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-06-2021 | 31-03-2022 |
| ശ്രീ ജിതിൻ കെ മങ്ങാട്ട് | വി ഇ ഒ, പായിപ്ര | 01-04-2021 | 08-08-2021 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി ഇ ഒ, പായിപ്ര | 09-08-2021 | 09-09-2021 |
| ശ്രീമതി ജാൻസി പൗലോസ് | വി ഇ ഒ, പായിപ്ര | 10-09-2021 | 31-03-2022 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി ഇ ഒ, മുടവൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി സഫിയ ടി എസ് | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് | 01-04-2021 | 31-03-2022 |
| ഡോ.കൃഷ്ണകുമാർ. സി.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |

മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം) രണ്ട് പേർ ബിൽ മാറിയതായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കാണുന്നുവെങ്കിലും ഡോ. അനുപമ ശങ്കർ-ന്റെ പേര്

മാത്രമാണ് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ് | 1-11 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ. | 1-12 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് | 1-13 |
| 16 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-14 |
| 17 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു | 1-15 |
| 18 | വസ്തുനികുതി നിർണ്ണയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച് | 1-16 |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ | 1-17 |
| 20 | അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച (യു.എ)രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല | 1-18 |
| 21 | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-19 |
| 22 | കൊവിഡ് പ്രതിരോധ പ്രവർത്തനം-ചെലവ് രേഖകൾ അപൂർണ്ണം | 1-19-1 |
| 23 | മരുന്നിന്റെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിൽ അപാകത | 1-19-2 |
| 24 | കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഫയലുകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-19-3 |
| 25 | തുക ക്രെഡിറ്റായതിന്റെ രേഖ ലഭ്യമാക്കിയില്ല | 1-19-4 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല. | 1-20 |

| | | |
|---|---|---|
| 27 | ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്. | 1-21 |
| 28 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 1-22 |
| 29 | ചികിത്സാ സഹായം - ജില്ലാ പഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്) | 1-24 |
| 31 | ആയുർവ്വേദ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-25 |
| 32 | എസ്.എസ്.കെ.പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല . | 1-26 |
| 33 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല (ജില്ലാ പഞ്ചായത്ത്). | 1-27 |
| 34 | തുടർ സാക്ഷരതാ പരിപാടി - രേഖകൾ ലഭ്യമായിട്ടില്ല. | 1-28 |
| 35 | നിക്ഷേപ പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്ക് KWA ക്ക് നൽകിയ തുകക്ക് വിനിയോഗവിവരം ലഭ്യമായിട്ടില്ല. | 1-29 |
| 36 | നിക്ഷേപ പ്രവൃത്തികൾ (KSEB)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 37 | അംഗൻവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ -പദ്ധതിനിർവ്വഹണത്തിൽ അപാകങ്ങൾ. | 1-31 |
| 38 | പൂന്നോപ്പടി വീട്ടൂർ റോഡിൽ സി.സി.ക്യാമറ സ്ഥാപിക്കൽ -പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ. | 1-32 |
| 39 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ. | 1-33 |
| 40 | വൈദ്യുതി ചാർജ്-താരിഫ് തെറ്റായ നിരക്കിൽ നിർണ്ണയിച്ചു. | 1-34 |
| 41 | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ -പ്രവർത്തി പുരോഗതി വിവരം ലഭ്യമല്ല. | 1-35 |
| 42 | അംഗൻവാടി വാടകയിനത്തിൽ അധിക തുക നൽകി | 1-36 |
| 43 | മരാമത്ത് പ്രവൃത്തി അപാകങ്ങൾ | 1-37 |
| 44 | മില്ലുംപടി-കുരിശുപടി ഓടനിർമ്മാണം-പ്രവൃത്തി തുടങ്ങിയിട്ടില്ല. | 1-38 |
| 45 | തെറ്റായ അക്കൗണ്ടിലേക്ക് ബാരൽ വില ഈടാക്കി. | 1-39 |
| 46 | ആസ്തി സംരക്ഷണം-വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1-40 |
| 47 | സ്പിൽ ഓവർ പ്രവർത്തികൾ -നിലവിലെ വിവരങ്ങൾ ലഭ്യമല്ല. | 1-41 |
| 48 | സമിതി തീരുമാനങ്ങളിന്മേൽ തുടർനടപടികൾ എടുത്തിട്ടില്ല. | 1-42 |
| 49 | അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം, കുടിവെള്ള സൗകര്യങ്ങൾഎന്നിവ ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 50 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി.-അധികം തുക നല്കി. | 1-44 |
| 51 | ഗ്രാമസഭ | 1-45 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ. | 2-2 |
| ഭാഗം **3** | | |
| 1 | പുന്നോപ്പടി വീട്ടൂർ റോഡിൽ സി.സി.ക്യാമറ സ്ഥാപിക്കൽ -പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ. | 3-1 |
| 2 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി.-അധികം നല്കിയ തുക നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 22.02.2021 ലെ 1/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 26.02.2022ൽ ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| ബജറ്റ് | 2021-22 | 2021-22 (റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 3985699.00 | 5951276.00 |
| വരവ് | 316076000.00 | 360788580.00 |
| ആകെ | 320061699.00 | 366739856.30 |
| ചെലവ് | 315445200.00 | 362662896.00 |
| നീക്കിയിരിപ്പ് | 4616499.00 | 4076960.00 |

### 1-1-1 ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് (രസീത് & പേയ്മെന്റ് പ്രകാരമുള്ള വരവ്) | വ്യത്യാസം |
|---|---|---|---|
| വരവ് | 360788580.00 | 135900649.00 | 224887931.00 |
| ചെലവ് | 362662896.00 | 131221041.00 | 231441855.00 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണാം. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 27.05.2022 | 22.06.2022 | 02.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 29.09.2022 ൽ നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))
2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,679,608.00/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18476364.00/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 40781/- രൂപ വസ്തുനികുതി ഇനത്തിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച അഡ്വാൻസ് കളക്ഷനിൽ ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 23 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്.

5) ജോയിന്റ് വെഞ്ച്വർ-എസ് റ്റി എസ് ബി അക്കൗണ്ടിൽ 918941/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്കായി 468836/- രൂപയാണ് നീക്കിയിരിപ്പ്.

6) സംയുക്ത പദ്ധതിക്കായി ലഭിച്ച 700000/- രൂപ 320200305 എന്ന ഹെഡ്ഡിൽ Grants, Funds And Contributions For Other Purposes എന്ന ഇനമായാണ് RP-31 ഷെഡ്യൂളിൽ വരവ് ചേർത്തിട്ടുള്ളത്.
7) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8) EPOC Bill Clearance എന്ന ഇനമായി 320200306 എന്ന ഹെഡ്ഡിൽ 43584/- രൂപ അവശേഷിക്കുന്നത് ഏതൊക്കെ പദ്ധതികളുടേതാണെന്ന് വ്യക്തമല്ല. ഈ തുക ക്രമീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17106653.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 135900649.00 |
| ആകെ | 153007302.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 131221041.00 |
| നീക്കിയിരിപ്പ് | 21786261.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 30327.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54949.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6864626.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17399339 | 17399339 | 17399339 | 0 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5805033 | 5805033 | 5754952 | 0 | 50081 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 99694 | 99694 | 40350 | 0 | 59344 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21466000 | 21466000 | 20148370 | 0 | 1317630 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9008822 | 9008822 | 6591490 | 0 | 2417332 |
| ധനകാര്യ കമ്മീഷൻ അവാർഡ്* (Untied) | 0 | 4430000 | 4430000 | 4249046 | 180954 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 6645000 | 6645000 | 4220964 | 2424036 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2917196 | 2917196 | 2284862 | 0 | 632334 |

| | | | | | | |
|---|---|---|---|---|---|---|
| ICDS- 320 100 121 | 1000 | 1782788 | 1783788 | 1782788 | 1000 | 0 |
| Solid Waste Management 320 100 203 | 1000000 | 0 | 1000000 | 0 | 1000000 | 0 |
| എൻ.പി.ആർ.പി.ഡി | 408398 | 0 | 408398 | 0 | 408398 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- | | | | | | |
| 320 200 306 EPOC | 0 | 43584 | 43584 | 0 | 43584 | 0 |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 220000 | 220000 | 440000 | 440000 | 0 | 0 |
| 320 200 399 വിമുക്തി | 35295 | 0 | 35295 | 0 | 35295 | 0 |
| ലൈഫ്-സംസ്ഥാന വിഹിതം | 175001 | 9609407 | 9784408 | 8850640 | 933768 | 0 |
| സാക്ഷരത 320 200 309 | 3303 | 90 | 3393 | 0 | 3393 | 0 |
| സമ്പൂർണ്ണ ശുചിത്വം 320 300 103 | 4029728 | 0 | 4029728 | 1340000 | 2689728 | 0 |
| ദുരിതാശ്വാസനിധി (311100101) | 111067 | 254148 | 365215 | 0 | 365215 | 0 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക നിക്ഷേപിച്ചിരിക്കുന്ന SBI-PFMS അക്കൗണ്ടിൽ നിന്ന് 2/-രൂപ ബാങ്ക് ചാർജ് ഈടാക്കിയിട്ടുള്ളതിനാൽ 27,02,229/- രൂപയാണ് അവശേഷിക്കുന്നത്.
വിവിധ ഫണ്ടുകളിലെ ജി ഒ പ്രൊജക്റ്റ്, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ജി ഒ പ്രൊജക്റ്റ് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6393661 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 569967 | 0 |
| വികസന ഫണ്ട്(ടി.എസ് .പി) | 10106 | 0 |
| | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 3759000 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 1498931 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 317 | 206654352 | 232 | 115729126 | 68 | 17 | 73.19% |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 898951 | 898951 | 898951 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | 0 | 38230033 | 38230033 | 38230033 | 0 |
| ആകെ | 0 | 39128984 | 39128984 | 39128984 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1169100 | 744 |
| വിധവാപെൻഷൻ | 21995000 | 1485 |
| വാർദ്ധക്യകാലപെൻഷൻ | 50190600 | 3739 |
| വികലാംഗപെൻഷൻ | 10680300 | 699 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 452800 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,612/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ രജിസ്റ്റർ പ്രകാരം വിവിധ ചുമതലകൾ ജോലി വിഭജനം നടത്തി സെക്ഷനുകൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ILGMS നടപ്പാക്കുന്നതിന് അനുസൃതമായി ലോക്കൽ സെറ്റിംഗ്സ് നടത്തി സെക്ഷനുകൾക്ക് മൈനർ ഫംഗ്ഷൻസ് നടത്തുന്നതിന് സംവിധാനം നൽകിയിട്ടുണ്ട്. തനത് ഫണ്ട് വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെ ചേർക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലെ തുക കൃത്യമാണോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.
3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രം മുഖേന നടപ്പാക്കിയിട്ടുള്ള പ്രൊജക്ട് ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ചെലവഴിച്ച തുകകൾ അതത് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്നതിന്റെ UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ തുക യഥാർത്ഥത്തിൽ ക്രെഡിറ്റായോയെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.
4. ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാർ ഉത്തരവ് (അച്ചടി)നം.81/2019 ധന തീയതി 09.07.2019 നമ്പർ ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് ലഭ്യമാക്കേണ്ട അനുമതി ലഭ്യമാക്കുന്നില്ല.
5. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് അപൂർണ്ണമാണ്. ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 19.05.2014 ലെ 29342/ആർ.എ1/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
7. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ചേർത്ത് ഇൻകംബെൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.12.2020 | 01.02. 2020 മുതൽ 31.12. 2020 | 25.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2022 മുതൽ 18.03.2022 വരെ | 01.04.2016 മുതൽ 28.02.2022 വരെ | 04.05.2022 |

## 1-11 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ ചട്ടം-6 അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട വർദ്ധനവ് പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന് 20% വർദ്ധനവ് വരുത്തിയാണ് വാർഷിക വസ്തുനികുതി തുക കണക്കാക്കേണ്ടത്. എന്നാൽ ശ്രീമതി. ഫാത്തിമ മാഹിൻ & മാഹിൻകുട്ടി കെ.കെ, കാരോത്തുകുടി, അല്ലപ്ര എന്ന വ്യക്തികളുടെ വാണിജ്യം, വ്യവസായം, പാർപ്പിടം എന്നീ ആവശ്യത്തിനുള്ള 10 കെട്ടിടങ്ങൾക്ക് 08.10.2021 ൽ വസ്തുനികുതി നിർണ്ണയം നടത്തി 1/25E മുതൽ 1/25Q വരെ നമ്പർ അനുവദിച്ചിട്ടുള്ളത് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിനുള്ള 20% വർദ്ധനവ് കണക്കാതെയാണ്. പ്രസ്തുത കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററിൽ കൂടുതൽ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രാകരം വാർഷിക വസ്തുനികുതി തുകയിൽ 10,327/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 പട്ടിക I (ചട്ടം7) പ്രകാരം ഉൽപ്പാദന മേഖലയിൽ മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതുമായ മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 10,000/- രൂപയാണ്. എന്നാൽ മൂലധന നിക്ഷേപം 8.74 കോടി രൂപയുള്ള ഐമെൽറ്റ് എക്സ്ട്രൂഷൻ പ്രൈവറ്റ് ലി, പായിപ്ര എന്ന സ്ഥാപനത്തിന് 19.04.2021 ലെ എ3-3495/2021-22 ലൈസൻസ് നമ്പർ പ്രകാരം 5 വർഷത്തേക്ക് (09.04.2021 മുതൽ 31.03.2026 വരെ) ലൈസൻസ് അനുവദിച്ചിരിക്കുന്നതിൽ ലൈസൻസ് ഫീസ് ഇനത്തിൽ 20,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടപ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എന്നാൽ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ3-2005/2021-22 | Chattayil Foods, Aattayam | 9 |
| 2 | എ3-2377/2021-22 | Sajid Granites, Poyalimala | 5 |
| 3 | എ3-2246/2021-22 | Parathuvayalil Granites, Thrivenikkara | 6 |
| 4 | എ3-2228/2021-22 | Ficus Industries, Manary | 12 |

| | | | |
|---|---|---|---|
| 5 | എ3-2163/2021-22 | Southern Woods, Pezhakkapilly | 9 |
| 6 | എ3-2229/2021-22 | Thriveni Plywoods, Manary | 12 |
| 7 | എ3-1556/2021-22 | Veliyathukudy Timbers, Pezhakkapilly P.O | 5 |
| 8 | എ3-1628/2021-22 | Aattayam Metal Crusher | 4 |
| 9 | എ3-2806/2021-22 | Kanampuram Sawmill & Timbers,Thrikkalathoor | 4 |
| 10 | എ3-1744/2021-22 | Manary Metals, Manary | 5 |
| 11 | എ3-4685/2021-22 | Tropical Ply & Boards, Manary P.O | 8 |
| 12 | എ3-2220/2021-22 | Kattadi Granites, Manary | 5 |
| 13 | എ3-3591/2021-22 | Prime Veneers & Boards | 12 |
| 14 | എ3-3126/2021-22 | Ultima Motors, Pezhakkapilly P.O | 27 |
| 15 | എ3-5408/2021-22 | V.S Timber Industries, Perumattom | 6 |
| 16 | എ3-2306/2021-22 | Puthussery Travels HP Dealer, Pezhakkapilly | 4 |
| 17 | എ3-2305/2021-22 | Puthussery Timber Industries, Pezhakkapilly | 18 |
| 18 | എ3-5600/2021-22 | Agro Pine Food Processors, Pezhakkapilly | 10 |
| 19 | എ3-6417/2021-22 | Ample Plywoods, Paipra | 12 |
| 20 | എ3-7937/2021-22 | Oriental Industries | 6 |
| 21 | എ3-8773/2021-22 | Century Laminates, Thrikkalathoor | 12 |
| 22 | എ3-1956/2021-22 | PPM Granites, Mudavoor P.O | 6 |
| 23 | എ3-2794/2021-22 | ACA Polymers, Paipra P.O | 9 |
| 24 | എ3-574/2021-22 | Kunnumpurath Plywoods, Pezhakkapilly P.O | 12 |
| 25 | എ3-943/2021-22 | Alakkal Plywoods, Pezhakkapilly | 12 |

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും എണ്ണം പരിശോധിച്ച് ഉറപ്പ് വരുത്താതെ തൊഴിൽ നികുതി ഈടാക്കുന്നതിനാൽ പഞ്ചായത്തിന് നികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ വളരെ നഷ്ടം സംഭവിക്കുന്നുണ്ട്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരം കൂടി ഉൾപ്പെടുത്തി ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുകയും ചെയ്യും. മേൽ അപാകതകൾ പരിശോധിച്ച് ഉടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി നിർണ്ണയം അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ശ്രീ. അൻഷാദ്, അരിയാറ്റിൽ, പേഴയ്ക്കാപ്പിള്ളി & ശ്രീ. ജാബിർ, വെള്ളേക്കാട്ട്, തൃക്കളത്തൂർ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള മുളവൂർ വില്ലേജിൽ 983/1-3-8-6, 983/1-3-4, 983/1-1-24, 983/1-1-23-2 എന്നീ സർവ്വേ നമ്പറുകളിലുള്ള 961 ച.മീറ്റർ സ്ഥലത്ത് നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള 1192.86 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള (596.43 ച.മീ-GF, 596.43 ച.മീ-FF) കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പാർപ്പിടാവശ്യത്തിന് നിർമ്മിച്ചിട്ടുള്ള 596.43 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 04.02.2022 ൽ സെക്രട്ടറി വസ്തുനികുതി നിർണ്ണയം നടത്തി 13/529 AF, AG, AO, AI, AH, AJ, AK, AL, AM, AN എന്നീ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്ന ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ചട്ടം 11(1) പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തുനികുതി റിട്ടേൺ ഫോറം-2 സെക്രട്ടറി മുൻപാകെ സമർപ്പിക്കേണ്ടതാണ്. എന്നാൽ കെട്ടിട ഉടമ സെക്രട്ടറി മുൻപാകെ സമർപ്പിക്കേണ്ട വസ്തുനികുതി റിട്ടേൺ ഫോറം-2 ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ലാത്തതിനാൽ പെർമിറ്റിന്റെ സാധുത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല.

(A) ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
(B) നോട്ട് ഫയലിൽ ശ്രീ. റോയി കുര്യൻ മുതൽപേർക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്ന P2-2492/12 നമ്പർ പെർമിറ്റ് എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് പെർമിറ്റ് അനുവദിച്ച തീയതി, കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
(C) ഫയലിൽ സൂക്ഷിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ ബിൽഡിംഗ് പെർമിറ്റ് നമ്പർ, തീയതി, കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(3) ചട്ടം 12 (4) പ്രകാരം കെട്ടിട ഉടമ സമർപ്പിച്ച റിട്ടേൺ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി ഫോം-6 ൽ ശേഖരിക്കേണ്ടതാണ്. എന്നാൽ സ്ഥല പരിശോധന സംബന്ധിച്ച വിവരങ്ങൾ ഫോം-6 ൽ ശേഖരിക്കുകയോ, ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ നോട്ട് ഫയലിൽ കുറിപ്പുകളായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. നോട്ട് ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(4) ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുളവൂർ വില്ലേജ് ഓഫീസിൽ നിന്നും നൽകിയിട്ടുള്ള കരം അടച്ച രസീത്, പൊസഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവയിൽ പ്രസ്തുത സർവ്വേ നമ്പരിലുള്ള സ്ഥലങ്ങൾ 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2008 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, 2018 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്നിവ പ്രകാരം പ്രസ്തുത സർവ്വേ നമ്പരിലുള്ള വസ്തുവിന് സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും ഉത്തരവുകൾ ലഭിച്ചിട്ടുള്ളതിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുപ്രകാരം നിയമ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

(5) കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ (LSGD), പായിപ്ര ഗ്രാമപഞ്ചായത്ത് കംപ്ലീഷൻ പ്ലാൻ, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ പരിശോധിച്ച് പ്രസ്തുത നോട്ട് ഫയലിൽ നോട്ടുകൾ രേഖപ്പെടുത്തി അനുമതി നൽകിയിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിരുന്നതും (1192.86 ച.മീ) പുതിയതായി നമ്പർ അനുവദിച്ചരിക്കുന്നതും (596.43) കൂട്ടി ആകെ 1789.29 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന് സാങ്കേതിക വിഭാഗത്തിന്റെ പരിശോധന നടത്താതെയാണ് നമ്പർ അനുവദിച്ചിരിക്കുന്നത് എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ ഫയലിൽ മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ കൂടുതൽ അന്വേഷണം ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ഫയൽ ഭരണതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1-15 ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി

നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ അനുവദിച്ച തീയതി | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 1/25 E, 08.10.2021 | ഫാത്തിമ മാഹിൻ, കാരോത്തുകുടി, അല്ലപ്ര | വാണിജ്യം |
| 2 | 1/437 A, 02.03.2022 | പരീത് കെ.എ, കാനാംപുറം, ഇരിങ്ങോൾ | വ്യവസായം |
| 3 | 13/455 A,B,C, 16.06.2021 | ഷെമീർ, തട്ടുപറമ്പിൽ, പേഴയ്ക്കാപ്പിള്ളി | വാണിജ്യം |
| 4 | 13/529 AF മുതൽ AN വരെ, 04.02.2022 | ജാബിർ വെള്ളേക്കാട്, പേഴയ്ക്കാപ്പിള്ളി & അൻഷാദ്, അരിയാറ്റിൽ, പേഴയ്ക്കാപ്പിള്ളി | പാർപ്പിടം |
| 5 | 18/263 Aമുതൽ G വരെ, 29.06.2021 | മുഹമ്മദ്, തേനാലിൽ, പേഴയ്ക്കാപ്പിള്ളി | സ്പെഷ്യൽ റെസിഡൻസ് |
| 6 | 19/425 Dമുതൽ L വരെ, 29.06.2021 | അഫ്സൽ & റംല, എള്ളുമല, തൃക്കളത്തൂർ | വാണിജ്യം & പാർപ്പിടം |
| 7 | 22/93 A, 20.01.2022 | അബൂബക്കർ കെ.ബി, കാരക്കുന്നേൽ, മാനാറി, പായിപ്ര | വ്യവസായം |
| 8 | 11/464 G, 01.12.2021 | ജമാൽ, ഉളുമ്പേലിൽചാലിൽ, രണ്ടാർ, മൂവാറ്റുപുഴ | വ്യവസായം |
| 9 | 7/553 B,C, 22.03.2022 | ഷനീർ സി.എ, ചിറപ്പിള്ളിയിൽ, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ | പാർപ്പിടം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട ഉടമകളിൽ നിന്നും കെട്ടിട നികുതി അടവാക്കിയിട്ടുള്ള രസീത് ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചത് സംബന്ധിച്ച് താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റിന് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 1/25D | ശ്രീ. അലി മരയ്ക്കാർ |
| 2 | 1/555 C,D,E, F | ശ്രീ. സി.കെ. മൈതീൻ |
| 3 | 3/372B | ശ്രീ. അഷറഫ് ഇ.പി |
| 4 | 3/530 K,L,M | ശ്രീ. അബ്ബാസ് ടി.എച്ച് & ശ്രീ. അബീഷ് ടി.എച്ച് |
| 5 | 10/171 A | ശ്രീ. മക്കാർ |
| 6 | 11/429 G,H,I,J,K,L | ശ്രീ. മുഹമ്മദ് പൂഞ്ചേരിയിൽ |
| 7 | 11/420 L,M,N,O,P,Q,R,S | ശ്രീമതി. ആഷ്ന റ്റി.ഇ |
| 8 | 11/186 A | ശ്രീ. ജേക്കബ് പി. ജോസ് |
| 9 | 11/288 D | ശ്രീ. റെജ്ജ പോൾ |
| 10 | 16/233 D,E,F,G,H,I,J | ശ്രീ. ബാവൻ സി പോൾ & ശ്രീമതി. മേരി പൗലോസ് |
| 11 | 16/70 D,E,F | ശ്രീമതി. ഷീബമോൾ എം.ടി |
| 12 | 16/216B | ശ്രീ.അർജ്ജുൻ അജിത്ത് |
| 13 | 17/542B | ശ്രീ. നാസർ പി.എം |
| 14 | 17/375A | ശ്രീ. ജലീൽ |
| 15 | 17/40B | ശ്രീ. മക്കാർ |
| 16 | 18/285B,C,D,E,F,G,H | ശ്രീ. അൻസാർ |
| 17 | 18/287 A,B,C,D,E,F,G,H | ശ്രീ. അൻസാർ |
| 18 | 18/252 A,B,C,D | ശ്രീ. കബീർ കെ.എ |
| 19 | 20/375 B,C,D | ശ്രീമതി. ആശ |
| 20 | 22/22 A,B,C,D,E,F,G,H,I,J | ശ്രീ. സാലിഹ് എം.എ |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 30.09.2022 ലെ ഓഡിറ്റ് എൻക്വയറി നം. 17 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

കെട്ടിടം നിർമ്മിക്കുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യുന്ന ഏതൊരാളും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അപ്പന്റിക്സ് A1 ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, F ഒക്യുപൻസിയിൽപ്പെട്ട നിർമ്മിതി വിസ്തൃതി 300 ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുമുള്ള എല്ലാ കെട്ടിടങ്ങൾക്കും നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2016 ലെ പാർട്ട് 4 ഫയർ ആന്റ് ലൈഫ് സേഫ്റ്റിയിലേയും തുടർ ഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതം അപ്പന്റിക്സ്-L ൽ അപേക്ഷകനിൽ നിന്നും സ്വയം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥർ അപ്പന്റിക്സ്-L രേഖകൾ ഹാജരാക്കാതെ തന്നെ പഞ്ചായത്ത് പ്രസ്തുത കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നമ്പർ, തീയതി, | നിർമ്മിത വിസ്തൃതി, കെട്ടിടത്തിന്റെ ഉപയോഗ ക്രമം | പേര്, മേൽവിലാസം |
|---|---|---|---|
| 1 | DEO(A5)-BA-5795/2022, 12.11.2021 | 579.36 ച.മീറ്റർ, പാർപ്പിടാവശ്യം | സജിത സാജു, നാടംകുഴി, പുല്ലുവഴി പി.ഒ |
| 2 | DEO(A5)-BA-280684/2021, 11.11.2021 | 697.53 ച.മീറ്റർ, പാർപ്പിടാവശ്യം & വാണിജ്യാവശ്യം | മുഹമ്മദ് ബി.എസ് & പരീത് ബി.എസ്, ബ്ലങ്കാര, ചെറുവട്ടൂർ പി.ഒ |
| 3 | DEO(A5)-BA-278904/2021, 04.10.2021 | 461 ച.മീറ്റർ, വാണിജ്യാവശ്യം | ബഷീർ, മറ്റത്തിൽ, ചെറുവട്ടൂർ പി.ഒ |
| 4 | DEO(A5)-BA-1247/2022, | 453.67 ച.മീറ്റർ, പാർപ്പിടാവശ്യം | പരീത് & റസിയ, കമ്മട്ടം, മുളവൂർ |
| 5 | DEO(A5)-BA-55421/2022, 14.02.2022 | 360.57ച.മീറ്റർ, പാർപ്പിടാവശ്യം | ഷിബു കെ. ഹസ്സൻ, കീച്ചേരിയിൽ, മൂവാറ്റുപുഴ മാർക്കറ്റ് പി.ഒ |
| 6 | DEO(A5)-BA-13681/2022, 12.01.2022 | 374.13 ച.മീറ്റർ, പാർപ്പിടാവശ്യം | നിയാസ് എം.എസ്, മുതിരക്കാലായിൽ, പേഴയ്ക്കാപ്പിള്ളി പി.ഒ |
| 7 | DEO(A5)-BA-306721/2021, 06.12.2021 | പാർപ്പിടാവശ്യം | അബ്ദുൾ കരീം, പൊന്നിരിക്കപറമ്പ്, മുളവൂർ പി.ഒ |

മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് അപ്പന്റിക്സ്-L അനുബന്ധ രേഖകൾ ഹാജരാക്കാതെയാണ്. പ്രസ്തുത കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും അപ്പന്റിക്സ്-L രേഖകൾ ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച (യു.എ)രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 19.05.2014 ലെ 29342/ആർ.എ1/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. യു.എ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം യു.എ നമ്പരിൽ ആകെ 17 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 5 | 3 |
| 6 | 2 |

| | |
|---|---|
| 7 | 1 |
| 8 | 2 |
| 9 | 1 |
| 12 | 2 |
| 13 | 2 |
| 14 | 1 |
| 15 | 1 |
| 19 | 1 |
| 20 | 1 |
| ആകെ | 17 |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235എഎ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ-(1) ഈ ആക്ടിലോ അതിൻ കീഴിലോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

യു.എ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ നിലവിലുള്ള നിയമാനുസൃതമല്ലാതെ നിർമ്മിച്ച എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദ വിവരം യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആയതുകൊണ്ട് യു.എ രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പായിപ്ര കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-19-1 കൊവിഡ് പ്രതിരോധ പ്രവർത്തനം-ചെലവ് രേഖകൾ അപൂർണ്ണം

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0192/22,<br>കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | 8,00,000/-(വികസന ഫണ്ട്-<br>സാധാരണ വിഹിതം) |
| ആകെ ചെലവ് തുക | 617062/- |
| ബിൽ നമ്പർ/ തീയതി | 123/2021-22 തീയതി 11.08.2021 തുക 167188/-<br>354/2021-22 തീയതി 17.02.2022 തുക 28500/-<br>531/2021-22 തീയതി 30.03.2022 തുക 5000/-<br>130/2021-22 തീയതി 13.08.2021 തുക 19714/-<br>204/2021-22 തീയതി 03.11.2021 തുക 15000/-<br>203/2021-22 തീയതി 03.11.2021 തുക 3345/-<br>161/2021-22 തീയതി 06.10.2021 തുക 125002/-<br>159/2021-22 തീയതി 06.10.2021 തുക 3340/-<br>146/2021-22 തീയതി 23.09.2021 തുക 27320/-<br>145/2021-22 തീയതി 23.09.2021 തുക 178987/- |

| | |
|---|---|
| | 298/2021-22 തീയതി 21.01.2022 തുക 2362/-<br>289/2021-22 തീയതി 19.01.2022 തുക 14000/-<br>208/2021-22 തീയതി 05.11.2021 തുക 41304/- |

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നടപ്പാക്കിയ ഈ പദ്ധതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അനുസരിച്ച് മേൽ പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം ആകെ 631062/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ആകെ 617062/- രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 289/2021-22 തീയതി 19.01.2022, 208/2021-22 തീയതി 05.11.2021 എന്നീ ബില്ലുകൾ പ്രകാരം ചെലവ് വന്ന 55304/- രൂപയുടെ (യഥാക്രമം14000/- രൂപ, 41304/- രൂപ) ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് 29.09.2022 ൽ നൽകിയ 15 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും 55304/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19-2 മരുന്നിന്റെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിൽ അപാകത

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S044/22, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 999537/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ആകെ ചെലവ് തുക | 999535/- |
| ബിൽ നമ്പർ/ തീയതി | 4/2021-22 തീയതി 24.05.2021 തുക 14946/-<br>124/2021-22 തീയതി 11.08.2021 തുക 216678/-<br>172/2021-22 തീയതി 22.10.2021 തുക 217549/-<br>245/2021-22 തീയതി 03.12.2021 തുക 190667/-<br>451/2021-22 തീയതി 18.03.2022 തുക 359695/- |

2021-22 വർഷം ആകെ 999535/- രൂപയുടെ മരുന്ന് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വാങ്ങിയിട്ടുണ്ട്. ബില്ലിൽ ഓരോ ഇനത്തിന്റെയും നേരെ ചേർത്തിട്ടുള്ള പേജിൽ മരുന്ന് സ്റ്റോക്കിലെടുത്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക് എൻട്രി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. സ്റ്റോക്ക് എൻട്രി ശരിയായി നടത്തി അപാകത പരിഹരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19-3 കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഫയലുകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കിയില്ല.

മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം) നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളും രജിസ്റ്ററുകളും 26.09.2022 തീയതിക്ക് മുൻപ് ഓഡിറ്റിന് ഹാജരാക്കണമെന്ന് 24.09.2022 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. 26.09.2022 ന് ശേഷവും താഴെപ്പറയുന്ന പ്രൊജക്ടുകൾ ഹാജരാക്കാത്തതിനെത്തുടർന്ന് 29.09.2022 ൽ 14ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം ഓഡിറ്റ് അവസാനിക്കുന്ന തീയതിയായ 30.09.2022 ന് 2 മണിക്കാണ് നാല് പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയത്. യഥാസമയം ഫയലുകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് വേളയിൽ ഫയലുകൾ മുഴുവൻ പരിശോധിക്കുവാൻ സാധിക്കാത്തതിനെ തുടർന്ന് രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് 31.10.2022 ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 04.11.2022 ന് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലുകളിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1)

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S069/22, കുടുംബാരോഗ്യകേന്ദ്രം- പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 468000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ആകെ ചെലവ് തുക | 290405/- |
| ബിൽ നമ്പർ/തീയതി | 129/13.08.2021 |

ഫയൽ പ്രകാരം പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി മെഡിക്കൽ സർവീസസ് കോർപ്പറേഷന് 290405/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 290405/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S067/22, സാന്ത്വനപരിചരണം |
| അടങ്കൽ തുക | 725000/-(600000/- വികസന ഫണ്ട്- സാധാരണ വിഹിതം, 125000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് തുക | 510673/-(407308/- വികസന ഫണ്ട്- സാധാരണ വിഹിതം, 103365/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

സാന്ത്വനപരിചരണ പദ്ധതിയുടെ ഫയൽ ഹാജരാക്കിയെങ്കിലും ഗൃഹസന്ദർശനം നടത്തുന്നതിന്റെ ഹോംകെയർ റിപ്പോർട്ട്, ആംബുലൻസിന്റെ ലോഗ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയവ അടുത്ത ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-19-4 തുക ക്രെഡിറ്റായതിന്റെ രേഖ ലഭ്യമാക്കിയില്ല

കുടുംബാരോഗ്യ കേന്ദ്രം മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ ഫയലിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രൊജക്ടുകളുടെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. ചെലവഴിച്ച തുകകൾ അതത് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്നതിന്റെ UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ തുക യഥാർത്ഥത്തിൽ ക്രെഡിറ്റായോയെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. പൊതുപ്പണം ചെലവഴിക്കുമ്പോൾ ചെലവ് രേഖകൾ യഥാവിധി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല.

രേഖകൾ പ്രകാരം പഞ്ചായത്തിൽ നിലവിൽ പൊതുടാപ്പുകൾ ഇല്ല. എന്നാൽ കേരളാ വാട്ടർ അതോറിട്ടിയിൽ നിന്നും ഒരു ടാപ്പ് നിലവിലുള്ളതായി രേഖപ്പെടുത്തി ബില്ല് ലഭ്യമാകുന്നുണ്ട്. ഫെബ്രുവരി 2022 ൽ ലഭ്യമായ ബിൽ പ്രകാരം 31.01.2022 വരെ 11,05,930/- രൂപ കുടിശ്ശിക ഉള്ളതായും 21693/- രൂപ ഫൈൻ നൽകേണ്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. 459/- രൂപയാണ് തൻമാസ ഡിമാൻഡ്. പഞ്ചായത്തിന്റെ അറിവിൽ ഇങ്ങനെ ഒരു ടാപ്പ് നിലവിലില്ലെന്നും ഇക്കാര്യം പരിശോധിച്ച് അറിയിക്കണമെന്നും 27.07.2022 ൽ പഞ്ചായത്ത്, മൂവാറ്റുപുഴ വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിരുന്നു. ഈ പൊതുടാപ്പിന്റെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. 11,05,930/- രൂപ കുടിശ്ശിക നിലനിൽക്കുന്നതായി ബില്ലിൽ കാണുന്നതിനാൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്തി എത്രയും വേഗം വിഷയം തീർപ്പാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-21 ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്.

പ്രൊജക്ട് നം: 74/22.
പ്രൊജക്ടിന്റെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 74/22. ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 300,000/- |
| ബിൽ നമ്പർ | 829983/22.12.2021 |

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ വിധം 300000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് വിവരം അറിയ്ക്കേണ്ടതാണ്.

1-22 വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് ഐ.കെ എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 105995/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 3/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം., തിയ്യതി | 92333/1.11.21 |
| തുക | 105995/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് വിവരം അറിയിക്കേണ്ടതാണ്.

1-23 ചികിത്സാ സഹായം - ജില്ലാ പഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 1)ജില്ലാ പഞ്ചായത്ത് | ഡയാലിസിസ് രോഗികൾക്ക് ചികിത്സാസഹായം- 166 /22 | 120000/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 100750/- | 33008/ 16.02.2022 |

മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരെ 100750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | കുട്ടികൾക്കായുള്ള ജില്ലാ വെബ്പോർട്ടൽ, 168/22 | 12500/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 12500/- | .2022 |

മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.27/30.09.22) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 12,500/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-25 ആയുർവ്വേദ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം: 371/22.
പ്രൊജക്ടിന്റെ പേര്: ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.
ചെലവ് തുക : 150000/- രൂപ.
ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ വിധം 150000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 4381/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 4381/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് വിവരം അറിയ്ക്കേണ്ടതാണ്.

1-26 എസ്.എസ്.കെ.പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1/2021-22 |
| അടങ്കൽ | 1166698/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 1166698/- |
| ബിൽ നം. | 800530878/18.10.21 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 19.8.22 ന് തന്നെ തുക മുഴുവൻ വിനിയോഗിച്ചു എന്ന സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 29.01.2018 ലെ സ.ഉ(കൈ) 11/2018 /ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് .

## 1-27 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല (ജില്ലാ പഞ്ചായത്ത്).

പ്രൊജക്റ്റ്നം:167/21-22

പ്രൊജക്റ്റിന്റെ പേര്: സ്ക്രീനിങ്ങ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ.

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക/ബിൽ നം. |
|---|---|---|
| പദ്ധതി വിഹിതം | 20000/- | 20000/- |

എണാകുളം ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയായ കാരുണ്യ സ്പർശം ഏർലി ഇന്റർവെൻഷൻ സെന്റർ എന്ന പദ്ധതി സംയുക്തമായി ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ഈ കാര്യാലയത്തിൽനിന്നും മേൽപറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്നതുവരെ ചെലവ് തുക 20000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 തുടർ സാക്ഷരതാ പരിപാടി - രേഖകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 90/22, 89/22 |
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.യു.പി. സ്കൂൾ. |
| പ്രോജക്റ്റിന്റെ പേര് | തുടർ സാക്ഷരതാ പരിപാടി . |
| അടങ്കൽ തുക | രൂ. 37400/- (വികസന ഫണ്ട്)<br>രൂ. 17500/- (വികസന ഫണ്ട്) |
| ചെലവ് | രൂ.37400/-, 10500/- |

സാക്ഷരത മിഷൻ നടപ്പാക്കുന്ന പ്ലസ്1, പ്ലസ്2 തുല്യത കോഴ്സുകളിൽ ചേരുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി 37400/- രൂപ പഞ്ചായത്ത് പദ്ധതി വിഹിതമായി സാക്ഷരത മിഷനിലേക്ക് നൽകിയിട്ടുണ്ട്. 17 പേരിൽ ശ്രീ സന്ദീപിന്റെ രജിസ്ട്രേഷൻ രേഖകൾ ഫയലിലില്ല. പത്താം തരം തുല്യത കോഴ്സിനായി 6 വിദ്യാർത്ഥികളുടെ ഫീസായി 1,750/- രൂപ വീതം ആകെ 10500/- രൂപയും നൽകിയിട്ടുള്ളത്. തുക മുൻകൂർ നൽകിയെങ്കിലും പഞ്ചായത്ത് സാക്ഷരത സമിതി യോഗത്തിന്റെ മിനിട്സ്, കോഴ്സ് പൂർത്തീകരണം എന്നിവ സംബന്ധമായ രേഖകൾ

ലഭ്യമാക്കിയിട്ടില്ല. വിദ്യാർത്ഥികളുടെ കോഴ്സിന്റെ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പത്താംതരം 3 പേരുടെ (ശൈലജ, ഫാത്തിമ, അനിത) രജിസ്ട്രേഷൻ രേഖ ഫയലിൽ ലഭ്യമല്ല. പ്ലസ് 1, പ്ലസ്2 സാക്ഷരതാ മിഷന്റെ ക്ലാസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തീകരിക്കുന്ന മുറക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുൻവർഷം (2020-21) ആരംഭിച്ച ഇതേ പദ്ധതിക്കായി ചെലവഴിച്ച തുകയുടേയും കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുണ്ട്.

മേൽപറഞ്ഞ രേഖകൾ ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

1-29 നിക്ഷേപ പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്ക് KWA ക്ക് നൽകിയ തുകക്ക് വിനിയോഗവിവരം ലഭ്യമായിട്ടില്ല.

2021-22 വാർഷിക പദ്ധതിയിൽ പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്ക് KWA ക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 32/30.9.22)

പ്രൊജക്റ്റ് നമ്പർ: 187/22

(കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)

അടങ്കൽ- 3035750/-

(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 2364000/-

| ക്രമനമ്പർ | വൗച്ചർ നമ്പർ, തിയ്യതി | തുക |
|---|---|---|
| 1 | 22101602/26.03.22 | 840000 |
| 2 | 22101603, 31.03.22 | 717000 |
| 3 | 22101621, 31.03.22 | 350000 |
| 4 | 22101356, 17.02.22 | 457000 |
| | ആകെ | 2364000 |

പ്രൊജക്റ്റ് നമ്പർ: 373/22(ധനകാര്യകമ്മീഷൻ അവാർഡ്)
(കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)
അടങ്കൽ- 1409566/- (ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവ് : 1395000/-

| ക്രമനമ്പർ | വൗച്ചർ നമ്പർ, തിയ്യതി | തുക |
|---|---|---|
| 1 | 22101572/26.03.22 | 1395000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 3759000/-രൂപ തടസ്സപ്പെടുത്തുന്നു.

1-30 നിക്ഷേപ പ്രവൃത്തികൾ (KSEB)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2021-22 വാർഷിക പദ്ധതിയിൽപെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിലേയ്ക്ക് താഴെപ്പറയും വിധം കെഎസ്ഇബി ക്ക് തുക കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 32/30.9.22)

പ്രൊജക്റ്റ് നമ്പർ: 186/22

(സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ്മാറ്റി സ്ഥാപിക്കൽ)

അടങ്കൽ- 1400000/-

ചെലവ്: 1400000/-

(ധനകാര്യകമ്മീഷൻ അവാർഡ്)

| ക്രമനമ്പർ | വൗച്ചർ നമ്പർ, തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 22101357/04.03.22 | 60684 |
| 2 | 22101389, 24.03.22 | 129702 |
| 3 | 22101599, 31.03.22 | 407900 |
| 4 | 22101600, 31.03.22 | 801714 |
| | ആകെ | 1400000 |

പ്രൊജക്റ്റ് നമ്പർ: 380/21 (ധനകാര്യകമ്മീഷൻ അവാർഡ്)
പള്ളിച്ചിറ – വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ

| ക്രമനമ്പർ | വൗച്ചർ നമ്പർ, തിയ്യതി | തുക |
|---|---|---|
| 1 | 22101425/26.03.22 | 21616 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ മേൽ പ്രവർത്തികൾക്കായി ചെലവഴിച്ച തുക (1421616രൂപ) തടസ്സപ്പെടുത്തുന്നു.

## 1-31 അംഗൻവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ -പദ്ധതിനിർവ്വഹണത്തിൽ അപാകങ്ങൾ.

പദ്ധതി നം :343/22

പദ്ധതിയുടെ പേര്: അംഗൻവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ

അടങ്കൽ :39000(തനത് ഫണ്ട്)

ചെലവ് :38983രൂപ

നിർവ്വഹണം :സെക്രട്ടറി

പ്രവൃത്തി നടത്തിയത് :ARTCO

അംഗൻവാടി ഒന്നിന് 3000 രൂപ വീതം 38 അംഗൻവാടികൾക്കാണ് തുക ചെലവഴിച്ചത്. ഇതിൽ 75000/- രൂപ ശിശുക്ഷേമ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്.

ശിശുക്ഷേമ സമിതിയുടെ 28.1.2021 ലെ ICDS *85-86067*2019 നം. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ മാത്രമേ ബോർഡുകൾ സ്ഥാപിക്കാവൂ. എന്നാൽ 4 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്. ഇവക്കും തുക ചെലവഴിച്ചിട്ടുണ്ട്. മേൽ ന്യൂനതക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/30.9.22) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 പുന്നോപ്പടി വീട്ടൂർ റോഡിൽ സി.സി.ക്യാമറ സ്ഥാപിക്കൽ -പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ.

പദ്ധതി നം. 202/22

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 350000/-(തനത്ഫണ്ട്)

ചെലവ് : 350000/-

വൗച്ചർ നമ്പർ. 22100924/17.11.21

പൊതുജന പങ്കാളിത്തത്തോടെ റോഡിൽ സി.സി. ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 350000/- രൂപ ചെലവഴിച്ചിട്ടുണ്ട്. റീടെൻഡർ പ്രകാരം (11.2.2020, എ2-3500/20) പ്രവൃത്തി ലഭിച്ച ഗേറ്റ് വേ സൊല്യൂഷൻസ് എന്ന സ്ഥാപനം ക്യാമറകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും ചെലവിന്റെ ബിൽ നൽകുകയും തുക മേൽ പറഞ്ഞ പ്രകാരം അനുവദിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1) ടെൻഡർ പ്രകാരം ഗേറ്റ് വേ സൊല്യൂഷൻസ്, മങ്ങാട്ട് കവല, തൊടുപുഴ സമർപ്പിച്ച ടെൻഡർ ഫോറത്തിലെ ഷെഡ്യൂളിൽ എസ്റ്റിമേറ്റിൽ 15 ഇനം സാധനങ്ങളുടെ വില വിവരണം ആണ് ചേർത്തിട്ടുള്ളത്. എന്നാൽ യഥാർത്ഥ പ്രവൃത്തി കഴിഞ്ഞുള്ള ഇൻവോയ്സിൽ 28 ഇനങ്ങളുണ്ട്. ആയതിൽ തന്നെ ഒരിനം മാത്രമാണ് ടെൻഡർ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഉദാഹരണം താഴെ ചേർക്കുന്നു.

A) HIK VISION IP BULLET CAMERA (84530.48/- രൂപ)

B) 150w സോളാർ പവർ ജനറേഷൻ സിസ്റ്റം.4 എണ്ണം @11122.5(ആകെ 44490.6/- രൂപ)

ടെൻഡറിലെ 2MP IP Bullet Camera മാത്രമാണ് (4800/- രൂപ) യഥാർത്ഥത്തിൽ പദ്ധതിക്കായി ഉപയോഗിച്ചിട്ടുള്ളത്.

2) ടെൻഡർ നിബന്ധനകൾക്ക് വിരുദ്ധമായി എല്ലാ ഇനങ്ങൾക്കും ജി.എസ്.ടി അധികമായി നൽകിയിട്ടുണ്ട്. ഉദാഹരണം: 2MP IP Bullet Camera GST ഉൾപ്പെടെ ക്വാട്ട് ചെയ്ത നിരക്ക് ഒന്നിന് 4800/- രൂപയാണ്. എന്നാൽ ടിയാന് അനുവദിച്ച നിരക്ക് ജി.എസ്.ടി ചേർത്ത് 5664/- രൂപയാണ്. ഇപ്രകാരം 11 ക്യാമറകൾക്ക് 9504/- രൂപ അധികം നൽകേണ്ടിവന്നു. സമർപ്പിച്ച ടെൻഡർ പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കാണ് ക്വോട്ട് ചെയ്തത്. അതായത് ടിയാൻ സമർപ്പിക്കുന്ന അടിസ്ഥാന നിരക്കിന്റെ ആകെ തുക മാത്രമേ സാധാപനം നൽകേണ്ടതുള്ളു. എന്നാൽ 3 ലക്ഷത്തിന്റെ ഇൻവോയിസിൽ 48720/- രൂപ (CGST.24360/- + SGST.24360/-) അധികമായി അനുവദിച്ചു. ( ഇൻവോയിസ് നമ്പർ. C.55 26.10.21)

അപ്രകാരം കരാറുകാരന് മൊത്തം നൽകിയ തുകയിൽ 48720/- രൂപയുടെ നഷ്ടം സംഭവിച്ചു.

3)കരാർ ഉടമ്പടി വ്യവസ്ഥകൾ അപൂർണ്ണമാണ്. അച്ചടിച്ച കരാറിൽ കരാർ തീയതി, കാലാവധി, മെയിന്റനൻസ് വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാറിൽ രണ്ടാം കക്ഷിയായ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.

4)പ്രസ്തുത പദ്ധതി 13- ാം പഞ്ചവൽസരപദ്ധതിമാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഉൾപ്പെടാത്തതിനാൽ കോ-ഓർഡിനേഷൻ കമ്മറ്റിയിൽനിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതായിരുന്നു . (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി എ1/317/2021, 30.11.2021) എന്നാൽ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയിലില്ല.

5)ഗ്രാമപഞ്ചായത്ത് പദ്ധതി മോണിറ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. കൂടാതെ മേൽ സർക്കുലറിൽ പറഞ്ഞ പ്രകാരംപദ്ധതി പ്രവർത്തനത്തിൽ അടുത്ത പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തിയതായി ഫയിലില്ല.

6)പദ്ധതി തെരഞ്ഞെടുത്തത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി പരിഗണിച്ചതായി രേഖപ്പെടുത്തലുകളില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/30.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 301280/- (350000 - 48720) രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ സെക്രട്ടറി കരാറുകാരന് അധികമായി അനുവദിച്ച 48720/- രൂപ യുടെ ചെലവ് നിരാകരിക്കുന്നു.

1-33 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ.

പദ്ധതി നം :184/22

പദ്ധതി :തെരുവ് വിളക്ക് റിപ്പയർ - ലേബർ ചാർജ്ജ്.

അടങ്കൽ :450000/- രൂപ.

ചെലവ് :493395/- രൂപ.

വൗച്ചർ നം.തിയ്യതി: 22101276/15.02.2022

മേൽ പദ്ധതിയുടെ ഫയലിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 7.7.2021ലെ ടെൻഡർ പ്രകാരം തെരഞ്ഞെടുത്ത പായിപ്ര കോൺട്രാക്ടേഴ്സ്, ശ്രീ. അനൂപ് വർഗ്ഗീസിനോട് A2-1501/21 തി. 15.7.2021 പ്രകാരം കരാറിൽ ഏർപ്പെടാനും 24750/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കി കരാറിൽ ഏർപ്പെടാനും ആവശ്യപ്പെട്ടെങ്കിലും കരാർ രേഖപ്പെടുത്താത്ത ശൂന്യമായ മുദ്രപത്രമാണ് ഫയലിൽ ഉള്ളത്. കരാറുകാരൻ 19750/- രൂപ ഡെപ്പോസിറ്റ് അടവാക്കിയത് മാത്രമേ ഫയലിൽ ഉള്ളൂ. (രസീത് നം.121010101442/19.7.2021)

2) ടെൻഡർ പരസ്യത്തിൽ തെരുവ് വിളക്ക് റിപ്പയറിംഗ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന്റെ ബില്ലിനൊപ്പമുള്ള റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്തിയ വർക്ക് ഷീറ്റിൽ 22 വാർഡുകളിലെ 2278 ട്യൂബുകൾക്കും 3371 ബൾബുകൾക്കും യഥാക്രമം 150/-, 45/- രൂപ നിരക്കിൽ ആകെ തുകയായ 493935/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മേൽപറഞ്ഞ ചെലവ് തുക റിപ്പയർ ഇനത്തിൽ ഉള്ളതാണോ ബൾബുകൾ മാറ്റിയിട്ടയിനത്തിലുള്ളതാണോയെന്ന് വ്യക്തമല്ല.

3) കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതിനാൽ ട്യൂബാണോ, ബൾബാണോ മാറ്റിയിട്ടതെന്ന് വ്യക്തമല്ല. റിപ്പയർ ഗ്യാരണ്ടി ഉണ്ടോ എന്നും വ്യക്തമല്ല.

4) റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക്, ബൾബ് മറ്റ് സാമഗ്രികൾ എന്നിവ ഉൾപ്പെടുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) ഓഡിറ്റ് വർഷത്തെ 188/22 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി പ്രകാരം ആകെ 18 വാട്സിന്റെ (3 വർഷ

വാറണ്ടിയുള്ള) 2828 LED ബൾബുകൾ മാത്രമേ വാങ്ങിയിട്ടുള്ളൂ. എന്നാൽ 3371 ബൾബുകളുടെ നിരക്ക് കരാറുകാരൻ വാങ്ങിയിട്ടുണ്ട്. ഇതോടൊപ്പം ട്യൂബുകളുടെ നിരക്കുകളും വാങ്ങിയിട്ടുണ്ട്. കൂടാതെ തൻവർഷം 185/22 നം. പദ്ധതി പ്രകാരം 28/7/21 മുതൽ 10.12.21 വരെയുള്ള ഇൻവോയ്സ് പ്രകാരം 4,50,000/- രൂപയുടെ തെരുവ് വിളക്ക് റിപ്പയറിംഗ് സാമഗ്രികളും വാങ്ങിയിട്ടുണ്ട്.

6) മുദ്രപത്രം വാങ്ങിയ തീയതി വച്ച് കണക്കാക്കിയാൽ 19.7.2021 മുതൽ 18.7.22 വരെയാണ് കരാർ കാലാവധി ഉണ്ടാകേണ്ടിയിരുന്നത്. എന്നാൽ കരാറുകാരന് പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും (22101277വൗച്ചറിലെ 15.2.2022) 15.02.2022 ന് തന്നെ അനുവദിച്ചുകഴിഞ്ഞു.

7) കരാറുകാരൻ (ടിയാൻ 3.11.2021 മുതൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.(NO.32ABBFP0061EIZY))

സമർപ്പിച്ച ഇൻവോയിസിൽ (നം.PC/2022/001തി.7.1.2022) ജി.എസ്.ടി രജിസ്ട്രേഷൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി നടത്തി നൽകിയ ബില്ലിൽ ജി.എസ്.ടി ഉൾപ്പെട്ടിട്ടില്ല.

8) തെരുവ് വിളക്കുകളുടെ രജിസ്റ്റർ (വാർഡ്, പോസ്റ്റ് ഇനം തിരിച്ച്) സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് എത്ര പോസ്റ്റുകൾ, ലൈറ്റുകൾ ഉണ്ടെന്നുള്ള കണക്കുകൾ ഇല്ല.

9) 22വാർഡ് മെമ്പർമാർ സാക്ഷ്യപത്രത്തിൽ ലൈറ്റുകൾ റിപ്പയർ ചെയ്തിട്ടുണ്ട്, മാറ്റിസ്ഥാപിച്ചിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചില മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ 7.12.2021 എന്നാണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂരിഭാഗത്തിലും തീയതി ഇല്ല. ഡിസംബർ 2021 ന് ശേഷമുള്ള കാലയളവിൽ എപ്രകാരമാണ് റിപ്പയർ ചെയ്തതെന്നും ഇതിൽ നിന്നും വ്യക്തമല്ല.

10) ഇടിവെട്ട് മൂലം നശിച്ച ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച രേഖകൾ പ്രകാരം മാറ്റിയവയുടെ എണ്ണം ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടിയാൻ 3.11.2021 മുതൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.(NO.32ABBFP0061EIZY)

11) കരാറുകാരൻ സമർപ്പിച്ച ലിസ്റ്റ് പ്രകാരം റിപ്പയർ ചെയ്ത മൊത്തം ലൈറ്റുകളുടെ എണ്ണം ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ടിയാന്റെ കണക്കുപ്രകാരം വാർഡ് 1, 2, 3 എന്നിവയിൽ യഥാക്രമം 253, 239, 299 പോസ്റ്റുകളിലാണ് ടിയാൻ പ്രവർത്തി നടത്തിയത്. ടിയാൻ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിക്രമമല്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/30.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 493395/- തടസ്സപ്പെടുത്തുന്നു.

1-34 വൈദ്യുതി ചാർജ്-താരിഫ് തെറ്റായ നിരക്കിൽ നിർണ്ണയിച്ചു.

പഞ്ചായത്തിന്റെ MCF കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് താരിഫ് നിർണ്ണയത്തിലെ അപാകത മൂലം അധിക ചാർജ് അടവാക്കുന്നതായി കാണുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 560/DD(T)/2018/KSERC തീയതി 08.07.2019 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ളത് LT 6B താരിഫ് ആണ്. എന്നാൽ പായിപ്ര ഗ്രാമപഞ്ചായത്തിലെ ശൂലംകുഴി MCF കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ള LT VIIA താരിഫ് നിരക്കിലാണ്. LT 6B, LT VIIA എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 6B | LT 7A |
|---|---|---|
| (എ)ഫിക്സഡ് ചാർജ് (Rs/kw/Month) | 80 | സിംഗിൾ ഫേസ് 70 |
| | | ത്രീ ഫേസ് 140 |
| (ബി) എനർജി ചാർജ് | | |
| 500 യൂണിറ്റ് വരെ പ്രതിമാസം | 6.30 | |
| 500 യൂണിറ്റിന് മുകളിൽ പ്രതിമാസം | 7.00 | |
| 0 മുതൽ 100 യൂണിറ്റ് വരെ പ്രതിമാസം | | 6.00 |
| 0 മുതൽ 200 യൂണിറ്റ് വരെ പ്രതിമാസം | | 6.70 |
| 0 മുതൽ 300 യൂണിറ്റ് വരെ പ്രതിമാസം | | 7.40 |
| 0 മുതൽ 500 യൂണിറ്റ് വരെ പ്രതിമാസം | | 8.00 |
| 500 യൂണിറ്റിന് മുകളിൽ പ്രതിമാസം | | 9.30 |

വിവിധ മാസങ്ങളിലെ ബില്ലുകളിൽ ഇപ്രകാരം തെറ്റായ താരിഫ് നിരക്കിലാണ് ചാർജ്

കണക്കാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് 09/2021 ലെ (ദ്വൈമാസ) ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| കൺസ്യൂമർ നം | 1155959022708 |
| ബിൽ നം | 5595210922609/25.09.2021 |
| താരിഫ്/ഫേസ് | LT 7A/ത്രീ ഫേസ് |
| വൈദ്യുതി ചാർജ് | 4814/- രൂപ |

വൈദ്യുതി കണക്ഷന്റെ കണക്റ്റഡ് ലോഡ് 8380 വാട്ട്സ് ആണ്. ഫിക്സഡ് ചാർജ് 2520/- രൂപ കണക്കാക്കിയിട്ടുള്ള ബില്ലിൽ തൻമാസം ഉപഭോഗം ഇല്ലാത്തതിനാൽ എനർജി ചാർജ് ഉൾപ്പെട്ടിട്ടില്ല. LT 6B യിൽ 80/- രൂപ മാത്രം ഫിക്സഡ് ചാർജ് ഉള്ളപ്പോൾ കൊമേഴ്സ്യൽ താരിഫിൽ ത്രീ ഫേസ് കണക്ഷന് 140/- രൂപ അടവാക്കേണ്ടി വരുന്നു. 300 യൂണിറ്റിന് മുകളിൽ ഉപഭോഗം വന്നാൽ വൈദ്യുതി ചാർജിൽ വലിയ വ്യത്യാസം ഉണ്ടാകുന്നതാണ്. തെറ്റായ നിരക്കിൽ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്ന വിവരം കെ എസ് ഇ ബി യുടെ ശ്രദ്ധയിൽപ്പെടുത്തി തിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 29.09.2022 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തെറ്റായ താരിഫ് നിർണ്ണയം തിരുത്തുന്നതിന് നടപടി സ്വീകരിച്ച് വൈദ്യുതി ചാർജ് ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ -പ്രവർത്തി പുരോഗതി വിവരം ലഭ്യമല്ല.

പ്രൊജക്ട് നം :288/22

അടങ്കൽ :6000000/- രൂപ.

സാങ്കേതികാനുമതി :LSGD/TS/2020-21/8347തി.11.2.2021

ഗ്രാമപഞ്ചായത്തിലെ 15, 16, 19 വാർഡുകളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രൊജക്ടാണിത്. കിണർ നിർമ്മാണവും ടാങ്ക് സ്ഥാപിക്കലും, 1.5 കി.മി ദൈർഘ്യത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കലും മുൻവർഷങ്ങളിൽ കഴിഞ്ഞതിനെ തുടർന്ന് അവശേഷിക്കുന്ന 1.6 കി.മി ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തിരുന്നത്. ടെൻഡർ നടപടികളിലൂടെ ശ്രീ. ജോയി എ. വി എന്ന കരാറുകാരന് പ്രവൃത്തി നൽകുകയും 22.11.2021ന് കരാർ ഉടമ്പടി ചമച്ച് (07/AE/LSGD/PPRA /21-22) പ്രവൃത്തി സ്ഥലവും കൈമാറിയതായി കാണുന്ന ഈ പ്രവൃത്തി നാളിതുവരെ തുടങ്ങിയതായി ഫയലിൽ കാണുന്നില്ല. (പ്രവൃത്തി 2022-23 വർഷത്തേക്ക് 37/23എന്ന നമ്പറിൽ സ്പിൽ ഓവറായി തുടരുന്നുണ്ട്)

ഇതിനകം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട പി.ഡബ്ല്യു.ഡി റോഡ് BMBC നിലവാരത്തിൽ പുനനിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി തയ്യാറെടുക്കുന്നുവെന്ന് അറിഞ്ഞതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രവൃത്തി നടത്തുന്നതിനായി പ്രസ്തുത ടാറിംഗ് പ്രവൃത്തി മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി കൊടുക്കുകയും (6.1.2021) തുടർന്ന് ഗ്രാമപഞ്ചായത്തിന് പ്രവൃത്തി നടത്തുന്നതിനായി ടാറിംഗ് പ്രവൃത്തി കുറച്ച് സമയത്തേക്ക് മാറ്റിവെക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ടെൻഡർ തന്നെ ഇതിന് ശേഷംമാത്രമാണ് നടത്തിയതായി കാണുന്നത്.

തുടർന്ന് ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചതിനെ തുടർന്ന് ഇതിനകം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കാനയുടെ ഉൾവശത്തുകൂടി പൈപ്പ് സ്ഥാപിക്കുന്നതിന് വകുപ്പ് അനുമതി നല്കുകയാണുണ്ടായത്. (പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (മൂവാറ്റുപുഴ) 29.1.2021 ലെ 6-2018/11972നമ്പർ കത്ത്) എന്നാൽ ഇതിന് ശേഷം നൽകിയ സാങ്കേതികാനുമതിയിൽ റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിരിക്കുന്നത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. 2018-19 വർഷത്തിൽ തുടങ്ങിയ ഈ പ്രൊജക്ടിന്റെ നിലവിലുള്ള പ്രവർത്തന പുരോഗതി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/29.9.22) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

## 1-36 അംഗൻവാടി വാടകയിനത്തിൽ അധിക തുക നൽകി

പ്രൊജക്ടിന്റെ പേര് : അംഗൻവാടികൾക്ക് വാടക നൽകൽ.

പ്രൊജക്ട് നം: 345/22

ചെലവ്: 7772/- രൂപ

മുകളിൽ കാണിച്ച ചെലവിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ

പെട്ടു.

1)മുകളിൽ കാണിച്ചിരിക്കുന്ന തുകയിൽ 3924/- രൂപ തങ്കച്ചൻ ഒ. വി എന്നയാൾക്കും 3,848/- രൂപ ഉമ്മർ മൈതീൻ എന്ന വ്യക്തിക്കുമാണ് നൽകിയിരിക്കുന്നത്.

വാടകവൗച്ചറിലെ രേഖപ്പെടുത്തൽ പ്രകാരം 1300/- രൂപയാണ് വാടക. (അംഗൻവാടി നം.51) ഇതിൽ സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും നൽകുന്ന 1000/- രൂപ കഴിച്ച് ബാക്കി 300/- രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിലും 436/- രൂപ വീതം ആകെ 3924/- രൂപ ശ്രീ. തങ്കച്ചന് നൽകിയതായി കാണുന്നു. (5/2021 മുതൽ 1/2022 വരെയുള്ള മാസങ്ങളിൽ). ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം. 5/29.9.2022) നൽകിയ മറുപടിയിൽ പ്രതിമാസ വാടക 1200/- രൂപയായിരുന്നുവെന്നും ഇതിൽ സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും നൽകുന്ന 1000/- രൂപ കഴിച്ച് ബാക്കി 200/- രൂപയാണ് പ്രതിമാസം നൽകേണ്ടിയിരുന്നതെന്നും എന്നാൽ ഇതിന് പകരമായി 436/- വീതം രൂപ നൽകിയതിനാൽ പ്രതിമാസം 236/- രൂപ അധികമായി നൽകപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി. ഇപ്രകാരം ആകെ അധികം നൽകപ്പെട്ട 2124/- രൂപയിൽ (236*9) 600/- രൂപ 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക കൊടുക്കാതെ നിലനിർത്തി അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് എന്നും അവശേഷിക്കുന്ന 1524/- രൂപ 2022-23 വർഷത്തെ വാടകയിൽ നൽകാതെ അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2124/- രൂപ തടസ്സപ്പെടുത്തുന്നു. 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക കൊടുക്കാതെ 600/- രൂപ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവശേഷിക്കുന്ന തുക 2022-23 വർഷത്തെ വാടകയിൽ നൽകാതെ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങളും യഥാസമയം ലഭ്യമാക്കേണ്ടതാണ്.

1-37 മരാമത്ത് പ്രവൃത്തി അപാകങ്ങൾ

1) ക്യാഷ് ബുക്ക് പൂർണ്ണമല്ല.

18.8.2021 മുതൽ 5.10.2021 വരെയും 29.12.2021 മുതൽ 7.2.2022 വരെയും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല.

A) ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

B) ടെൻഡർ ഫോറങ്ങളിൽ വില രേഖപ്പെടുത്തുന്നില്ല.

2) ടെൻഡറിൽ തുക രേഖപ്പെടുത്തുന്നില്ല.

തുക രേഖപ്പെടുത്താത്ത ടെൻഡർ ഫോമുകളും ടെൻഡറിന് പരിഗണിച്ചിട്ടുണ്ട്. ഉദാഹരണമായി പ്രയദർശിനി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കായി (പ്രൊജക്ട് നം.37/22) ശ്രീ.ഹിലർ എന്ന കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന ടെൻഡറിൽ തുക രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ ഒപ്പ് ചാർത്തിയിട്ടുമില്ല.

3) ടെൻഡറിലെ തിരുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2012ലെ കേരളാ പൊതുമരാമത്ത് മാന്വൽ (2009) പ്രകാരം ടെൻഡറിലെ തിരുത്തലുകൾ ടെന്ററുകളിലെ നിശ്ചിത പേജുകളിൽ അസി.എഞ്ചിനീയർ രേഖപ്പെടുത്തേണ്ടതുണ്ട്. ചില ടെൻഡറിലെ നിരക്കുകളിൽ തിരുത്തൽ വരുത്തിയിരിക്കുന്നത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ദസുക്കി ജുമാ മസ്ജിദ് റോഡ് സൈഡ് വാൾ നിർമ്മാണം എന്ന പ്രൊജക്ടിന്(പ്രൊജക്ട് നം.62/22) ശ്രീ.സിറാജ് എന്ന കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന ടെൻഡറിൽ 18.3% കുറവ് എന്ന രേഖപ്പെടുത്തൽ തിരുത്തി 3% അധികം എന്നാക്കിയിട്ടുണ്ട്.

4) യഥാസമയം കരാർ ഉടമ്പടി ചമക്കുന്നില്ല;പിഴ ഈടാക്കുന്നില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വൽ (2009.6) പ്രകാരം സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റി 14 ദിവസത്തിനകം പിഴകൂടാതെയും തുടർന്നുവരുന്ന 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1% പിഴയോടുകൂടിയും കരാർ ഉടമ്പടി ചമേക്കണ്ടതാണ്. എന്നാൽ പല സെലക്ഷൻ നോട്ടീസിലും തീയതി രേഖപ്പെടുത്താത്തതിനാൽ യഥാസമയം കരാർ ഉടമ്പടി ചമച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിന് കഴിയുന്നില്ല. മാത്രമല്ല കരാറുകാരൻ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിരിക്കുന്ന ചില സെലക്ഷൻ നോട്ടീസുകളുടെ കാര്യത്തിൽ കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് അനുവദനീയമായ സമയ പരിധിക്ക് ശേഷമാണ്. ഉദാഹരണമായി തട്ട്പറമ്പ് - താന്നിച്ചുവട് റോഡ് അറ്റകുറ്റപ്പണികൾ (പ്രൊജക്ട് നം.218/22) എന്ന പ്രവർത്തിയുടെ കരാറുകാരൻ 29.11.2019ന് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് 13.1.2020ൽ മാത്രമാണ്. ഈ കരാറുകാരനിൽനിന്നും പിഴയും ഈടാക്കിയിട്ടില്ല.

5) കരാർ ഉടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല.

കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്നും 2012ലെ കേരള പൊതുമരാമത്ത് മാന്വൽ (2116.1) പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ചമച്ചിരിക്കുന്ന കരാർ ഉടമ്പടിയിൽ ഒന്നിലും പൂർത്തീകരണ സമയം കാണിച്ചിട്ടില്ല. അതിനാൽ തന്നെ വൈകി പൂർത്തീകരിച്ചിരിക്കുന്ന പല പ്രവൃത്തികളിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതിനും സാധിക്കുന്നില്ല. ഉദാഹരണമായി തോട്ടുങ്കൽ കടവ് - കനാൽ ബണ്ട് റോഡ് ടാറിംഗ് (പ്രൊജക്ട് നം.207/22) എന്ന പ്രവൃത്തി കരാർ ഉടമ്പടി

ചമച്ച് 4.3.2020ന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുണ്ട്. (കരാർ ഉടമ്പടി നം.179/AE/LSGD/PPRA/19-20) എന്നാൽ 150മീറ്റർ മാത്രം ദൈർഘ്യമുള്ളതും സാങ്കേതികാനുമതി പ്രകാരം 6 മാസം മാത്രം പൂർത്തീകരണ സമയം ആവശ്യമുള്ളതുമായ ഈ പ്രവൃത്തി തുടങ്ങുന്നത് തന്നെ 22.2.2021 ന് മാത്രമാണ് (അളവ് പുസ്തകം നം.448/20-21) ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 24.3.2021 നാണ്. പൂർത്തീകരണകാലാവധി കരാർ ഉടമ്പടിയിൽ നിഷ്കർഷിക്കാത്തതിനാൽ കരാറുകാരനിൽ നിന്നും ഇത്തരം സാഹചര്യങ്ങളിൽ പിഴ പലിശ ഈടാക്കുന്നതിന് സാധിക്കുന്നില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.18/30.09.22) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-38 മില്ലുംപടി-കുരിശുപടി ഓടനിർമ്മാണം-പ്രവൃത്തി തുടങ്ങിയിട്ടില്ല.

പ്രൊജക്ട് നം :256/22

സാങ്കേതികാനുമതി: 150000രൂപ (LSGD/TS/2019-20/108414 തി.13.10.2019)

ഈ പ്രവൃത്തി ടെൻഡർ നടപടിയിലൂടെ ശ്രീ. പി.എച്ച്. ഇല്യാസ് എന്ന കരാറുകാരന് നൽകിയതായി കാണുന്നുവെങ്കിലും (കരാർ ഉടമ്പടി നം.139/AE/LSGD/PPRA/19-20 തി.15.1.2020) പ്രവൃത്തി തുടങ്ങിയതായി കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നാളിതുവരെ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-39 തെറ്റായ അക്കൗണ്ടിലേക്ക് ബാരൽ വില ഈടാക്കി.

പള്ളിപ്പടി മുളവൂർ നീലിച്ചിറ റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ ഒഴിഞ്ഞ ബാരൽ വില ഇനത്തിൽ ഈടാക്കിയിരിക്കുന്ന 5896/- രൂപ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. മെയിന്റനൻസ് ഫണ്ട് (റോഡ്) ൽ നിന്നും ചെലവ് നടത്തിയിരിക്കുന്ന ഈ പ്രവൃത്തിയുടെ ഒഴിഞ്ഞ ബാരൽ വില അതേ ഫണ്ടിലേക്ക് തന്നെയാണ് തിരികെ അടവാക്കേണ്ടതെന്നിരിക്കെ തനത് ഫണ്ടിലേക്ക് അടവാക്കിയത് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് മെയിന്റനൻസ് ഫണ്ടിൽ (റോഡ്) അടവാക്കേണ്ടതാണ്.

## 1-40 ആസ്തി സംരക്ഷണം-വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷൻ ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഭൂമി സംബന്ധമായി താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു.

1) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ആകെ 224.ആർ, 410ച.മീ സ്ഥലവും പേജ് നം.3ലെ രേഖപ്പെടുത്തൽ പ്രകാരമുള്ള സ്ഥലവും ഉണ്ട് (ഈ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമപഞ്ചായത്തിന് 48ഹെക്ടർ സ്ഥലം ഉണ്ട്. ഈ രേഖപ്പെടുത്തലിൽ അപാകം സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തൽ വരുത്തേണ്ടതാണ്.) ഇവയുടെ ആധാരം/പട്ടയം നമ്പർ, നാളിതുവരെ ഭൂനികുതി അടച്ചതിന്റെ വിവരങ്ങൾ.

2) ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം, അംഗൻവാടികൾ സ്ഥിതിചെയ്യുന്ന സ്ഥലം, ഗ്രാമപഞ്ചായത്ത് വക ഓഡിറ്റോറിയങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ, എന്നിവ ആസ്തിരജിസ്റ്ററിൽ ഉൾപെട്ടിട്ടില്ല. ഈ സ്ഥലങ്ങളുടെ ആധാരം/പട്ടയം, നാളിതുവരെ ഭൂനികുതി അടച്ചതിന്റെ വിവരങ്ങൾ.

3) വാർഷിക കണക്കുകളിൽ സ്ഥാവരവസ്തുക്കളുടെ വിവരങ്ങൾ കാണിച്ചിരിക്കുന്നതിൽ ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

4) ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല.

ഇതിന് മറുപടിയായി ഗ്രാമപഞ്ചായത്തിന് ക്രമ നം 1 ൽ പറഞ്ഞ സ്ഥലങ്ങൾ പലതും ആധാരം ചെയ്ത് കിട്ടിയിട്ടില്ലയെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ ഗ്രമപഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ആധാരം ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പോക്ക് വരവ് ചെയ്യാത്തതിനാൽ ഭൂനികുതി അടവാക്കുന്നില്ലയെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. മുഴുവൻ സ്ഥലങ്ങളും ആധാരം ചെയ്ത് പോക്ക് വരവ് നടത്തി ഭൂനികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഷിക

കണക്കുകളിൽ സ്ഥാവരവസ്തുക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

1-41 സ്പിൽ ഓവർ പ്രവർത്തികൾ -നിലവിലെ വിവരങ്ങൾ ലഭ്യമല്ല.

സ്പിൽ ഓവർ പ്രൊജക്ടുകൾ.

2021-22 വർഷത്തിൽ സ്പിൽ ഓവറായി വിഭാവനം ചെയ്തിരുന്ന താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയതായി കാണുന്നില്ല.

1) പട്ടിക ജാതി വിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് നൽകൽ (പ്രൊജക്ട് നം.196/22 അടങ്കൽ 10488/- രൂപ)

2021-22 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഈ തുക സ്പിൽഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ചെലവഴിക്കാതിരുന്നത് സംന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകകയുണ്ടായില്ല. എന്നാൽ ഇത് വാട്ടർ ടാങ്ക് വിതരണത്തിനായി ഗുണഭോക്താക്കളിൽനിന്നും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഗുണഭോക്തൃവിഹിതം ടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നല്കി ഈ തുക ബാധ്യതയിനത്തിൽനിന്നും ഒഴിവാക്കേണ്ടതാണ്.

2) ബഡ്സ് സ്കൂൾ :(പ്രൊജക്ട് നം.195/22, അടങ്കൽ 408398/- രൂപ)

2021-22 വർഷത്തിൽ സ്പിൽ ഓവറായി വിഭാവനം ചെയ്ത ഈ പ്രൊജക്ട് ആദ്യമായി വിഭാവനം ചെയ്ത വർഷം, പ്രൊജക്ടുകൾ നാളിതുവരെ നടപ്പിലാക്കാതിരുന്നതിന്റെ കാരണം/പ്രൊജക്ടുകൾ നിലവിൽ പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. എന്നാൽ ബഡ്സ് സ്കൂളിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതാണെന്ന് നിർവ്വഹണോദ്യാഗസ്ഥയായ അസി.സെക്രട്ടറി അറിയിക്കുകയുണ്ടായി. ബഡ്സ് സ്കൂൾ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നപടികൾ സ്വീകരിക്കേണ്ടതാണ്.

1-42 സമിതി തീരുമാനങ്ങളിന്മേൽ തുടർനടപടികൾ എടുത്തിട്ടില്ല.

1)തീരുമാനം നം. 2/22.6.2021

ഈ തീരുമാന പ്രകാരം പഞ്ചായത്ത്, റവന്യൂ വകുപ്പ്, പെരിയാൽവാലി പദ്ധതി, പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകളുടെ സ്ഥലങ്ങൾ അളന്ന് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും, സ്ഥലം, ലൈഫ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് വിട്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2)തീരുമാനം നം. 14/31.5.2022.

ഗ്രാമപഞ്ചായത്ത് പരിസരത്ത് അവശേഷിക്കുന്ന ആക്രി സാധനങ്ങൾക്ക് 25000/- രൂപ അസി.എഞ്ചിനീയർ മൂല്യം നിർണ്ണയിച്ചതായും ആയത് ലേലത്തിൽ വിൽക്കുന്നതിന് തീരുമാനിച്ചതായും ഈ തീരുമാനത്തിൽ കാണുന്നു.

3)തീരുമാനം നം. 1/26.8.2021

വാർഡ് 11ൽ നിരപ്പ് പുളിഞ്ചുവട് ഭാഗത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത പ്രവർത്തി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തതിനാൽ പകരമായി ചേന്നരത്തടം കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

4)തീരുമാനം നം. 6/26.8.2021

പരുതേക്കുളത്തിലേക്കുള്ള പൊതുവഴി അളന്ന് തിരിക്കുന്നതിന് തീരുമാനം.

മേൽ തീരുമാനങ്ങളുടെ തുടർനടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ക്രമ നം.2 ൽ കാണിച്ചിരിക്കുന്ന തീരുമാനം നടപ്പിലാക്കിയിരിക്കുന്നതായും മറ്റ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് കത്തയച്ചതായിട്ടുണ്ടങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ലയെന്നും അറിയിക്കുകയുണ്ടായി. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-43 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം, കുടിവെള്ള സൗകര്യങ്ങൾഎന്നിവ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ 38 അംഗൻവാടികൾ ഉള്ളതിൽ 4 എണ്ണത്തിൽ സ്വന്തമായി കെട്ടിടങ്ങളില്ലാത്തതിനാൽ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല ആകെയുള്ള അംഗൻവാടികളിൽ രണ്ട് എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ള കിണർ ഉള്ളത്.അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ശിശു സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ എല്ലാ

അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുകയെന്ന നിശ്ചയദാർഢ്യത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതാണെന്നും സ.ഉ.(കൈ) നം.11/2018/തസ്വഭവ. തീ.29.1.2018 മാർഗ്ഗരേഖയിലെ 7.8.2 ഖണ്ഡിക നിഷ്കർഷിക്കുന്നു. ഇതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതിന്റെയും കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി.-അധികം തുക നല്കി.

പ്രൊജക്ട് നം. 135/22
അടങ്കൽ:4,00,000 വികസന ഫണ്ട്(എസ്.സി.പി).
ഭരണാനുമതി:19(2) തി.22.2.2020
നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് :
1) 50000 (ബിൽ നം.20120252098501204677 തി.8.3.2021) RAJUAN P T
2) 50000 (ബിൽ നം.20120252098501204776 തി.8.3.2021) LATHA RAJU
3) 75000 (ബിൽ നം.20120252098501324241 തി.23.3.2021) RAJAN P T
4) 75000 (ബിൽ നം.20120252098501421245 തി.29.3.2021) LATHA RAJU
5) 150000 (ബിൽ നം.20120252098500263214 തി 4.8.2021)

ഈ പ്രൊജക്ടിന്റെ കീഴിൽ രണ്ട് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ രാജൻ പി ടി എന്ന ഗുണഭോക്താവിന് അനുകൂല്യം നൽകുന്നതിനായി പരിഗണിച്ച അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ മുറിയുടെ ആകെ മൂല്യമായി കണക്കാക്കിയിരിക്കുന്നത് 210000/- രൂപയാണ്. എന്നാൽ 2 ലക്ഷം രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചത്.

200000/- രൂപയിൽ ഉൾപ്പെട്ട ഘടകങ്ങൾ താഴെ ചേർക്കുന്നു.
184671.44 – പ്രവൃത്തിയുടെ മൂല്യം
15000.00 – വൈദ്യുതീകരണം
9983.57 – ജി. എസ്.ടി
344.99 – Lumpsum And Roundoff
------------
2,00,000.00 – ആകെ

വൈദ്യുതീകരണം ഇനത്തിൽ 15,000/- രൂപ അനുവദിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് നം.1216/2020 /തസ്വഭവ 22.6.2020 പ്രകാരം ഈ ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക 9100/- രൂപ മാത്രമാണ്).
എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി അനുവദനീയമായ തുക താഴെ ചേർക്കുന്നു

പ്രവൃത്തിമൂല്യം – 184671.44
വൈദ്യുതീകരണം – 9100.00
-------------
1,93,771.44
-------------
ആകെ അനുവദിച്ച തുക – 200,000 /-
അധിക നൽകിയ തുക – 6229/- (200,000- 193771.44)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത് സ്വീകാര്യമല്ല. മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യമല്ലാത്ത ഇനങ്ങൾ ഒഴിവാക്കിയല്ല നിർവ്വഹണോദ്യോഗസ്ഥ തുക നൽകിയത്. ഈ ഇനത്തിൽ അധികം നൽകപ്പെട്ട 6229 /- രൂപ നിർവ്വഹണോദ്യോഗസ്ഥയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-45 ഗ്രാമസഭ

തൻവർഷം കൊവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ 2022 ജനുവരി മാസം മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഗ്രാമസഭയുടെ അജണ്ട താഴെ ചേർക്കുന്നു.

1) 2022-23 വാർഷിക പദ്ധതി രൂപീകരണം
2) അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ-ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ

3) മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിജിലൻസ് & മോണിട്ടറിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്
4) 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ

ഗ്രാമസഭാ മിനിട്ട്സ് ബുക്കുകൾ പരിശോധിച്ചതിൽ ചില വാർഡുകളിലെ മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്താത്തതായി കാണുന്നു. ഉദാഹരണത്തിന് വാർഡ്-7 ന്റെ മിനിട്ട്സ് ബുക്കിൽ 31.01.2021 ന് ശേഷം 19.06.2022 ലെ യോഗത്തിന്റെ മിനിട്ട്സ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനിടയിൽ ജനുവരി 2022 ന് നടന്ന യോഗത്തിന്റെ മിനിട്ട്സ് രേഖപ്പെടുത്താത്തതിനാൽ 14 മുതൽ 17 വരെ പേജുകൾ ശൂന്യമാണ്. പേജ് നമ്പർ 18 ൽ 19.06.2022 ൽ നടന്ന യോഗത്തിന്റെ മിനിട്ട്സ് രേഖപ്പെടുത്തിയെങ്കിലും ക്ലോസ് ചെയ്ത് ഒപ്പ് വച്ചിട്ടില്ല. വാർഡ് നമ്പർ 19 ന്റെ മിനിട്ട്സ് ബുക്കിൽ പേജ് 3ൽ 31.01.2021 ന് ഗ്രാമസഭ യോഗം ചേർന്നതായി രേഖപ്പെടുത്തിയെങ്കിലും മിനിട്ട്സ് എഴുതി ചേർത്തിട്ടില്ല. ഗ്രാമസഭ മിനിട്ട്സ് പ്രധാന രേഖയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ ചട്ടം-6 അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട വർദ്ധനവ് പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന് 20% വർദ്ധനവ് വരുത്തിയാണ് വാർഷിക വസ്തുനികുതി തുക കണക്കാക്കേണ്ടത്. എന്നാൽ ശ്രീമതി. ഫാത്തിമ മാഹിൻ & മാഹിൻകുട്ടി കെ.കെ, കാരോത്തുകുടി, അല്ലപ്ര എന്ന വ്യക്തികളുടെ വാണിജ്യം, വ്യവസായം, പാർപ്പിടം എന്നീ ആവശ്യത്തിനുള്ള 10 കെട്ടിടങ്ങൾക്ക് 08.10.2021 ൽ വസ്തുനികുതി നിർണ്ണയം നടത്തി 1/25E മുതൽ 1/25Q വരെ നമ്പർ അനുവദിച്ചിട്ടുള്ളത് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിനുള്ള 20% വർദ്ധനവ് കണക്കാതെയാണ്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററിൽ കൂടുതൽ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രാകരം വാർഷിക വസ്തുനികുതി തുകയിൽ 10,327/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ.

| ക്രമ നം. | ഉടമസ്ഥന്റെ പേര് കെട്ടിട നം., ഉപയോഗക്രമം | അടിസ്ഥാന വസ്തുനികുതി തുക | ഇളവ് -(ദ്വിതീയ മേഖല -10%, മേൽക്കൂര (ഷീറ്റ്) - 10%) | വർദ്ധനവ്- 20% (അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള വഴി) | ഈടാക്കേണ്ട തുക (ലൈബ്രറി സെസ്സ് ഒഴികെ) | ഈടാക്കിയ തുക (ലൈബ്രറി സെസ്സ് ഒഴികെ) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി. ഫാത്തിമ മാഹിൻ 1/25E വാണിജ്യം(GF) | 28249.2 (470.82 X 60) | 5649.84 (20%) | 5649.84 | 28249 | 22599 | 5650 |
| 2 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25F വ്യവസായം (MSME) | 11770.5 (470.82 X 25) | 2354.1 (20%) | 2354.1 | 11771 | 9417 | 2354 |
| 3 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25G വാണിജ്യം(GF) | 1767.6 (29.46 X 60) | 176.76 (മേഖല -10%) | 353.52 | 1944 | 1591 | 353 |
| 4 | ശ്രീ. മാഹിൻകുട്ടി | 1767.6 | 176.76 | 353.52 | 1944 | 1591 | 353 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ.കെ 1/25H വാണിജ്യം(GF) | (29.46 X 60) | (മേഖല -10%) | | | | |
| 5 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25I വാണിജ്യം(GF) | 1767.6 (29.46 X 60) | 176.76 (മേഖല -10%) | 353.52 | 1944 | 1591 | 353 |
| 6 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25J വാണിജ്യം(GF) | 1767.6 (29.46 X 60) | 176.76 (മേഖല -10%) | 353.52 | 1944 | 1591 | 353 |
| 7 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25K വാണിജ്യം(GF) | 1767.6 (29.46 X 60) | 176.76 (മേഖല -10%) | 353.52 | 1944 | 1591 | 353 |
| 8 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25L വാണിജ്യം(GF) | 1767.6 (29.46 X 60) | 176.76 (മേഖല -10%) | 353.52 | 1944 | 1591 | 353 |
| 9 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25M പാർപ്പിടം(FF) | 204.25 (40.85 X 5) | 20.43 (മേഖല -10%) | 40.85 | 225 | 184 | 41 |
| 10 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25N പാർപ്പിടം(FF) | 204.25 (40.85 X 5) | 20.43 (മേഖല -10%) | 40.85 | 225 | 184 | 41 |
| 11 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25O പാർപ്പിടം (FF) | 204.25 (40.85 X 5) | 20.43 (മേഖല -10%) | 40.85 | 225 | 184 | 41 |
| 12 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25P പാർപ്പിടം (FF) | 204.25 (40.85 X 5) | 20.43 (മേഖല -10%) | 40.85 | 225 | 184 | 41 |
| 13 | ശ്രീ. മാഹിൻകുട്ടി കെ.കെ 1/25Q പാർപ്പിടം (FF) | 204.25 (40.85 X 5) | 20.43 (മേഖല -10%) | 40.85 | 225 | 184 | 41 |
| ആകെ | | | 9166.65 | 10329.31 | 52809 | 42482 | 10327 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി വാർഷിക വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുകയായ 10,327/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 പട്ടിക I (ചട്ടം7) പ്രകാരം ഉൽപ്പാദന മേഖലയിൽ മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതുമായ മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 10,000/- രൂപയാണ്. 19.04.2021 ലെ എ3-3495/2021-22 ലൈസൻസ് നമ്പർ പ്രകാരം 5 വർഷത്തേക്ക് (09.042021 മുതൽ 31.03.2026 വരെ) ലൈസൻസ് അനുവദിച്ചിരിക്കുന്ന ഐമെൽറ്റ് എക്സ്ട്രൂഷൻ പ്രൈവറ്റ് ലി., പായിപ്ര എന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 11.09.2020 ലെ PCB/EKM-2/ICO/R13405361/2020 നമ്പർ സർട്ടിഫിക്കറ്റിൽ മൂലധന നിക്ഷേപം 8.74 കോടി രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട ഈ സ്ഥാപനത്തിൽ നിന്നും വാർഷിക ലൈസൻസ് ഫീസായ 10,000/- രൂപ വീതം 5 വർഷത്തേക്ക് 50,000/- രൂപ (5 X 10000) ഈടാക്കുന്നതിന് പകരം 6,000/- രൂപ വീതം 5 വർഷത്തേക്ക് 30,000/- രൂപ (5 X 6000) (രസീത് നം.121010100036, 09.04.2021) മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതുപ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ 20,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് ലൈസൻസിക്ക് കത്ത് നൽകി കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന ലൈസൻസ് ഫീസ് ഈടാക്കിയതിൽ 20,000/- രൂപ കുറവ് വന്നിട്ടുള്ളത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പുന്നോപ്പടി വീട്ടൂർ റോഡിൽ സി.സി.ക്യാമറ സ്ഥാപിക്കൽ -പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ.

പദ്ധതി നം. 202/22

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 350000/- (തനത്ഫണ്ട്)

ചെലവ് : 350000/-

വൗച്ചർ നമ്പർ. 22100924/17.11.21

പൊതുജന പങ്കാളിത്തത്തോടെ റോഡിൽ സി.സി. ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 350000/- രൂപ ചെലവഴിച്ചിട്ടുണ്ട്. റീടെൻഡർ പ്രകാരം (11.2.2020,എ2-3500/20) പ്രവൃത്തി ലഭിച്ച ഗേറ്റ് വേ സൊല്യൂഷൻസ് ക്യാമറകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും ചെലവിന്റെ ബിൽ നൽകുകയും തുക മേൽ പറഞ്ഞ പ്രകാരം അനുവദിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1) ടെൻഡർ പ്രകാരം ഗേറ്റ് വേ സൊല്യൂഷൻസ്, മങ്ങാട്ട് കവല, തൊടുപുഴ സമർപ്പിച്ച ടെൻഡർ ഫോറത്തിലെ ഷെഡ്യൂളിൽ എസ്റ്റിമേറ്റിൽ 15 ഇനം സാധനങ്ങളുടെ വില വിവരണമാണ് ചേർത്തിട്ടുള്ളത്. എന്നാൽ യഥാർത്ഥ പ്രവൃത്തി കഴിഞ്ഞുള്ള ഇൻവോയ്സിൽ 28 ഇനങ്ങളുണ്ട്. ആയതിൽ തന്നെ ഒരിനം മാത്രമാണ് ടെൻഡർ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഉദാഹരണം താഴെ ചേർക്കുന്നു.

A)HIK VISION IP BULLET CAMERA (84530.48രൂപ)

B)150w സോളാർ പവർ ജനറേഷൻ സിസ്റ്റം.4 എണ്ണം @11122.5 (ആകെ 44490.6/- രൂപ)

ടെൻഡറിലെ 2MP IP Bullet Camera മാത്രമാണ് (4800/- രൂപ) യഥാർത്ഥത്തിൽ പദ്ധതിക്കായി ഉപയോഗിച്ചിട്ടുള്ളത്.

2) ടെൻഡർ നിബന്ധനകൾക്ക് വിരുദ്ധമായി എല്ലാ ഇനങ്ങൾക്കും ജി.എസ്.ടി അധികമായി

നൽകിയിട്ടുണ്ട്. ഉദാഹരണം:2MP IP Bullet Camera GST ഉൾപ്പെടെ ക്വാട്ട് ചെയ്ത നിരക്ക് ഒന്നിന് 4800/- രൂപയാണ്. എന്നാൽ ടിയാന് അനുവദിച്ച നിരക്ക് ജി.എസ്.ടി ചേർത്ത് 5664/- രൂപയാണ്. ഇപ്രകാരം 11 ക്യാമറകൾക്ക് 9504രൂപ അധികം നൽകേണ്ടിവന്നു. സമർപ്പിച്ച ടെൻഡർ പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കാണ് ക്വോട്ട് ചെയ്തത്. അതായത് ടിയാൻ സമർപ്പിക്കുന്ന അടിസ്ഥാന നിരക്കിന്റെ ആകെ തുക മാത്രമേ സ്ഥാപനം നൽകേണ്ടതുള്ളൂ.. എന്നാൽ 3 ലക്ഷത്തിന്റെ ഇൻവോയിസിൽ 48720/- രൂപ (CGST.24360/-+SGST.24360/-) അധികമായി അനുവദിച്ചു. ( ഇൻവോയിസ് നമ്പർ. C.55 26.10.21)

അപ്രകാരം കരാറുകാരന് മൊത്തം നൽകിയ തുകയിൽ 48720/- രൂപയുടെ നഷ്ടം സംഭവിച്ചു.

3) കരാർ ഉടമ്പടി വ്യവസ്ഥകൾ അപൂർണ്ണമാണ്. അച്ചടിച്ച കരാറിൽ കരാർ തീയതി, കാലാവധി, മെയിന്റനൻസ് വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാറിൽ രണ്ടാം കക്ഷിയായ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.

4) പ്രസ്തുത പദ്ധതി 13-ാം പഞ്ചവൽസരപദ്ധതിമാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഉൾപ്പെടാത്തതിനാൽ കോ-ഓർഡിനേഷൻ കമ്മറ്റിയിൽനിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതായിരുന്നു . (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി എ1/317/2021, 30.11.2021) എന്നാൽ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

5)ഗ്രാമപഞ്ചായത്ത് പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. കൂടാതെ മേൽ സർക്കുലറിൽ പറഞ്ഞ പ്രകാരം പദ്ധതി പ്രവർത്തനത്തിൽ അടുത്ത പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തിയിട്ടില്ല.

6)പദ്ധതി തെരഞ്ഞെടുത്തത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി പരിഗണിച്ചതായി രേഖപ്പെടുത്തലുകളില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 34/30.9.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 301280/- (350000 - 48720) രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ സെക്രട്ടറി കരാറുകാരന് അധികമായി അനുവദിച്ച 48720/- രൂപ യുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി.-അധികം നല്കിയ തുക നിരാകരിക്കുന്നു.

പ്രൊജക്ട് നം. 135/22

അടങ്കൽ: 4,00,000വികസന ഫണ്ട് (എസ്.സി.പി).

ഭരണാനുമതി: 19(2) തി.22.2.2020
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് :
1) 50000 (ബിൽ നം.201202520985O1204677 തി.8.3.2021) RAJUAN P T

2) 50000 (ബിൽ നം.201202520985O1204776 തി.8.3.2021) LATHA RAJU

3) 75000 (ബിൽ നം.201202520985O1324241 തി.23.3.2021) RAJAN P T

4) 75000 (ബിൽ നം.201202520985O1421245 തി.29.3.2021) LATHA RAJU

5) 150000 (ബിൽ നം.201202520985O0263214 തി 4.8.2021)

ഈ പ്രൊജക്ടിന്റെ കീഴിൽ രണ്ട് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ രാജൻ പി ടി എന്ന ഗുണഭോക്താവിന് അനുകൂല്യം നൽകുന്നതിനായി പരിഗണിച്ച അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ മുറിയുടെ ആകെ മൂല്യമായി കണക്കാക്കിയിരിക്കുന്നത് 210000/- രൂപയാണ്. എന്നാൽ പ്രവൃത്തിയുടെ മൂല്യത്തോടൊപ്പം താഴെ പറയുന്ന ഇനങ്ങൾകൂടി ചേർത്താണ് ആകെ മൂല്യം കണക്കാക്കിയിരിക്കുന്നത്.

1) വൈദ്യുതീകരണം ഇനത്തിൽ 15,000/- രൂപ (സർക്കാർ ഉത്തരവ് നം.1216/2020/തസ്വഭവ 22.6.2020 പ്രകാരം ഈ ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക 9100/- രൂപ മാത്രമാണ്.)

2) ജി.എസ്.ടി ഇനത്തിൽ 9983.57/- രൂപ.

3) Lumpsom Round Off ഇനത്തിൽ 344.98/- രൂപ.

യഥാർത്ഥത്തിൽ കണക്കാക്കാവുന്ന മൂല്യം താഴെ പറയും പ്രകാരമാണ്.

പൂർത്തീകരിച്ച മുറിയുടെ ആകെ മൂല്യം :184671.44/- രൂപ

ഇലക്ട്രിഫിക്കേഷൻ ഇനത്തിൽ

വകയിരുത്താവുന്ന തുക :9100/- രൂപ

ആകെ :193771.44/- രൂപ

അധികം നൽകിയ തുക :6228.56/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചതെന്ന് നിർവ്വഹണോദ്യാഗസ്ഥ അറിയിച്ചത് സ്വീകാര്യമല്ല. മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യമല്ലാത്ത ഇനങ്ങൾ ഒഴിവാക്കാതെയാണ് നിർവ്വഹണോദ്യാഗസ്ഥ തുക നൽകിയത്. ഈ ഇനത്തിൽ അധികം നൽകിയ 6229/- രൂപ ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2021-22 | 3380000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 3380000 | 0 |
| 2 | ” | 2021-22 | 678700 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പഠനസഹായം | 678700 | 0 |
| 3 | ” | 2021-22 | 74000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 74000 | 0 |
| 4 | ” | 2021-22 | 37900 | നെൽകൃഷി വികസനം | 37900 | 0 |
| 5 | ” | 2021-22 | 520000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം(പട്ടികജാതി) | 520000 | 0 |
| | | ആകെ | 4690600 | - | 4690600 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് (മൂവാറ്റുപുഴ) | 2021-22 | 1100000 | ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 1100000 | 0 |
| 7 | ” | 2021-22 | 700000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പഠനസഹായം | 700000 | 0 |
| 8 | ” | 2021-22 | 103365 | സാന്ത്വന പരിചരണം | 103365 | 0 |
| 9 | ” | 2021-22 | 125000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 125000 | 0 |
| 10 | ” | 2021-22 | 152500 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടിക ജാതി) | 152500 | 0 |
| 11 | ” | 2018-19 | 420000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടിക ജാതി) | 0 | 420000 |
| 12 | ” | 2019-20 | 100000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടിക ജാതി) | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ” | 2018-19 | 48836 | സാന്ത്വന പരിചരണം | 0 | 48836 |
| 14 | „ | 2021-22 | 10304 | നെൽകൃഷി വികസനം | 10304 | |
| 15 | „ | 2021-22 | 197013 | അങ്കണവാടി പോഷകാഹാരം | 197013 | |
| ആകെ | | | 2957018 | - | 2488182 | 468836 |

ക്രമ നമ്പർ 7 ലെ 700000/- രൂപ സംയുക്ത പദ്ധതിക്ക് ലഭിച്ചതാണെങ്കിലും ഈ തുക 320200305 എന്ന ഹെഡ്ഡിലാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പോസ്റ്റ് മാറ്റൽ 186/22 | 22101357/ 04.03.2022<br>22101389/ 24.03.2022<br>22101599/ 31.03.2022<br>22101600/ 31.03.2022 | 60684/-<br>129702/-<br>407900/-<br>801714/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | തൃക്കളത്തൂർ പള്ളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ 380/22 | 532899/ 21.03.2022 | 21616/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ആകെ | | **1421616** | | |
| കേരളവാട്ടർ അതോറിറ്റി | കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 187/22 | 22101356/ 31.03.2022<br>22101602/ 26.03.2022<br>22101603/ 31.03.2022<br>22101621/ 31.03.2022 | 457000/-<br>840000/-<br>717000/-<br>350000/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 373/22 | 22101572/ 26.03.2022 | 1395000/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | ആകെ | | **3759000** | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് നം./ | വായ്പ | വർഷാരംഭ | തൻവർഷം | വർഷാ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തീയതി | തുക | ത്തിൽ തിരിച്ചട യ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ ലോൺ (KURDFC) | GO.(MS) No.100/2018 /LSGD, Dt.30.7.18 | 3500000 | | 5309334 | - | 30433127 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15120/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുക Prior Period Items എന്ന ഇനമായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 2-2 | 2160/- | ഗ്രീൻ ഫീൽഡ് പ്ലൈവുഡ് | 121010108034/ 02.03.2022 |
| 2017-18 | 2-2 | 2160/- | ഗ്രീൻ ഫീൽഡ് പ്ലൈവുഡ് | 121010108035/ 02.03.2022 |
| 2020-21 | ഓഡിറ്റ് ഓൻക്വയറി നമ്പർ 25 | 5400/- | വി എ ഷൗക്കത്തലി | 121010106686/ 02.03.2022 |
| 2020-21 | ഓഡിറ്റ് ഓൻക്വയറി നമ്പർ 25 | 5400/- | വി എ ഷൗക്കത്തലി | 121010106687/ 02.03.2022 |
| | | 15120 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ / കല്ലുകൾ സ്ഥാപിച്ചിട്ടില്ല | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ / ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |
| 2013-14 | 2-(A) | 2013-14 | 2-(A) | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചി രിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 3-6 | 2014-15 | 3-6 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി IEC Calender വിതരണം. | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചി രിക്കുന്നു. |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135900649.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 131221041.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 30327.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54949.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6864626.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 (1-11) | 10327 | - | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 2-2 (1-12) | 20000 | - | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 3-1 (1-32) | - | 48720 | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 3-2 (1-44) | - | 6229 | ശ്രീമതി. അനിത കെ.കെ, അസിസ്റ്റന്റ് സെക്രട്ടറി. പായിപ്ര ഗ്രാമ പഞ്ചായത്ത് |
| ആകെ | 30327 | 54949 | |

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-19-1 | 55304/- | ഡോ.അനുപമ ശങ്കർ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം |
| 1-19-3 | 290405/- | ഡോ.അനുപമ ശങ്കർ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം |
| 1-21 | 300000/- | ഡോ. കൃഷ്ണകുമാർ . സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| 1-22 | 105995/- | -ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--23 | 100750/- | -ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--24 | 12500/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--25 | 4381/- | ഡോ. ജോസഫ് തോമസ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1--27 | 20000/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--29 | 3759000/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--30 | 1421616/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--32 | 301280/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| 1--33 | 493395/- | ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| ആകെ | 6864626/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | - | |
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/ തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ എൻ, സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, പായിപ്ര ഗ്രാമ പഞ്ചായത്ത് | ചാമക്കാലയിൽ, വടയമ്പാടി, പുത്തൻകുരിശ് 682308 |
| ഡോ.അനുപമ ശങ്കർ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, പായിപ്ര | കുറിക്കാട്ട് ഹൗസ്, പള്ളിപ്പാട്ട് മുറി തൃക്കുന്നപ്പുഴ പി.ഒ, ആലപ്പുഴ |
| ഡോ.കൃഷ്ണപ്രിയ എസ് എൽ മെഡിക്കൽ ഓഫീസർ (ചാർജ്), കുടുംബാരോഗ്യ കേന്ദ്രം | അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യ കേന്ദ്രം | അമ്പാടി, വെൺകോട് പി.ഒ, തിരുവനന്തപുരം,695028 |
| ഡോ.കൃഷ്ണകുമാർ. സി.കെ മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി. | മെഡിക്കൽ ഓഫീസർ, (ഹോമിയോ) പായിപ്ര ഗ്രാമ പഞ്ചായത്ത് | മൊളത്തുകുടി ഹൗസ്, മേത്തല.പി.ഒ |
| ശ്രീമതി. അനിത കെ.കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,പായിപ്ര ഗ്രാമ പഞ്ചായത്ത് | തച്ചന്ത്ര ഹൗസ്, വളയൻചിറങ്കര. |
| ഡോ. ജോസഫ് തോമസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം, പായിപ്ര ഗ്രാമ പഞ്ചായത്ത് | കാരച്ചാലിൽ, മുടവൂർ പി.ഒ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി, 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി, 07.01.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി, 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി, 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി, 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി, 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി, 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി, 27.02.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി, 08.01.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി, 25.11.13 / 04.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി, 27.07.15 / 17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം (പി 8)1972/2016 തീയതി, 08.12.16/10.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി.8)1267/17 തീയതി, 16.09.17/17.10.17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി.8)2059/18തീയതി, 22.03.2019 |
| 2018-19 | കെ. എസ്.എ.ഇ.കെ.എം (പി.8)1575/2019, തീയതി 07.12.2019/05.02.2020 |
| 2019-20 | കെ. എസ്.എ.ഇ.കെ.എം (പി.8)1284/2021 തീ. 20.12.2021 |
| 2020-21 | കെ. എസ്.എ.ഇ.കെ.എം (പി.8)1285/2021 തീ. 03.02.2022 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്